ക്ലാസ് XII

# സാമ്പത്തികശാസ്ത്രം

# ഹയർസെക്കണ്ടറി

## സാമ്പത്തികശാസ്ത്രം - പ്ലസ്ടു

## സൂക്ഷ്മസാമ്പത്തികശാസ്ത്രത്തിന് ഒരാമുഖം

# അധ്യായം 1

**ആമുഖം**

നമുക്ക് ചുറ്റുമുള്ള വിഭവങ്ങൾ പിരമിതമാണ്. ഈ പരിമിതമായ വിഭവങ്ങൾക്ക് വ്യത്യസ്ത ഉപയോഗങ്ങൾ ഉണ്ട്. മനുഷ്യന്റെ അപരിമിതമായ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി ഇവ എങ്ങനെ വിനിയോഗിക്കണം എന്നതാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും അടിസ്ഥാന പ്രശ്നം. ഒരു ആവശ്യം നിറവേറ്റാൻ വേണ്ടി മറ്റുപല ആവശ്യങ്ങളും ത്യജിക്കേണ്ടതായിവരുന്നു. വിഭവങ്ങളുടെ വിനിയോഗത്തിലൂടെ എന്ത് ഉൽപാദിപ്പിക്കണം എങ്ങനെ ഉൽപാദിപ്പിക്കണം ആർക്ക് വേണ്ടി ഉൽപാദിപ്പിക്കണം എന്നത് വിവിധ സമ്പദ്‌വ്യവസ്ഥകളിൽ വ്യത്യസ്തരീതിയിൽ ആണ് അഭിസംബോധന ചെയ്യപ്പെടുന്നത്.

കമ്പോള സമ്പദ് വ്യവസ്ഥയിൽ വില സംവിധാനവും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽ കേന്ദ്ര ആസൂത്രണവും മിശ്രസമ്പദ്‌വ്യവസ്ഥയിൽ ഇവ രണ്ടും ചേർന്ന് വിഭവവിനിയോഗം നിർണയിക്കുന്നു.


ഉൽപാദന സാധ്യതാ വക്രം എന്ന വിശകലന മാതൃകയും പോസിറ്റീവ് ഇക്കണോമിക്സ്, നോർമറ്റീവ് ഇക്കണോമിക്സ് ഇവ എന്തെന്നും ഈ അധ്യായത്തിൽ സൂചിപ്പിക്കുന്നു. സൂക്ഷ്മസാമ്പത്തിക ശാസ്ത്രവും സ്ഥൂലസാമ്പത്തിക ശാസ്ത്രവും തമ്മിലുള്ള വ്യത്യാസവും ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

**പ്രധാന ആശയങ്ങൾ**

- അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ
- ഉൽപാദന സാധ്യതാ വക്രം
- വിവിധ സമ്പദ്‌വ്യവസ്ഥകൾ

**പ്രവർത്തനം 1**


വിഭവങ്ങളുടെവിനിയോഗവുമായി ബന്ധപ്പെട്ട് ഒരു സമ്പദ്‌വ്യവസ്ഥ നേരിടുന്ന അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ കാണിക്കുന്ന ചാർട്ട് പൂരിപ്പിക്കുക.




**പ്രവർത്തനം 2**

ഡയഗ്രത്തിൽ PL എന്ന ഉൽപാദന സാധ്യതാ വക്രം കാണിച്ചിരിക്കുന്നു. ചുവടെ നൽകിയിരിക്കുന്നവയെ ABC എന്നീ ബിന്ദുക്കൾക്ക് അനുസൃതമായി ക്രമീകരിക്കുക.

- ♦ വിഭവങ്ങളുടെ കാര്യക്ഷമമല്ലാത്തതും അപൂർണവുമായ ഉപയോഗം
- ♦ വിഭവങ്ങളുടെ കാര്യക്ഷമമായതും പൂർണവുമായ ഉപയോഗം
- ♦ വിഭവ പരിമിതി.




- A : ..................................................
- B : ..................................................
- C : ..................................................

**പ്രവർത്തനം 3**

വിവിധ സമ്പദ്‌വ്യവസ്ഥകളും അവയുടെ സവിശേഷതകളും കാണിക്കുന്ന പട്ടിക പൂരിപ്പിക്കുക.

| മുതലാളിത്ത സമ്പദ് വ്യവസ്ഥ | സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ | മിശ്ര സമ്പദ് വ്യവസ്ഥ |
|---|---|---|
| • വില സംവിധാനം<br>•a) ..........................<br>•b .......................... | • c) ......................<br>• ക്ഷേമ പ്രേരകം .<br>• d) ...................... | • e) ......................<br>• f) ......................<br>• വിഭവങ്ങളുടെ പൊതു ഉട-മസ്ഥതയും സ്വകാര്യ ഉടമസ്ഥ തയും. . |

**പ്രവർത്തനം 4**

- ഒരു സമ്പദ്‌വ്യവസ്ഥയുടെ വിഭവങ്ങൾ പൂർണമായി ഉപയോഗിച്ച് നിർമിക്കാൻ സാധിക്കുന്ന രണ്ടു വസ്തുക്കളുടെ വിവിധ കോമ്പിനേഷൻ താഴെ തന്നിരിക്കുന്നു. ഉൽപാദന സാധ്യതാ വക്രം വരക്കുക.
- വിഭവങ്ങൾ പൂർണമായി ഉപയോഗിച്ചാൽ നിർമിക്കാൻ സാധിക്കുന്ന ഏതെങ്കിലും ഒരു കോമ്പിനേഷൻ ഡയഗ്രത്തിൽ അടയാളപ്പെടുത്തുക.

| കോമ്പിനേഷൻ | പുസ്തകം | പേന |
|---|---|---|
| A | 0 | 20 |
| B | 1 | 18 |
| C | 2 | 14 |
| D | 3 | 8 |
| E | 4 | 0 |

**പ്രവർത്തനം 5**

വിവിധ സമ്പദ്‌വ്യവസ്ഥകളുടെ സവിശേഷതകളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ താഴെ കൊടുത്തിരിക്കുന്നു. ഇവയിൽ നിന്ന് ഉചിതമായ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾക്ക് നേരെ ✓ മാർക്ക് നൽകുക.

| | പ്രസ്താവനകൾ | മുതലാളിത്ത സമ്പദ്‌വ്യവസ്ഥ | സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ |
|---|---|---|---|
| A | അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത് കേന്ദ്ര ആസൂത്രണത്തിലൂടെയാണ്. | | |
| B | അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത് വില സംവിധാനത്തിലൂടെയാണ്. | | |
| C | സാമ്പത്തിക പ്രവർത്തനങ്ങളുടെ ലക്ഷ്യം ലാഭ പ്രേരണയാണ്. | | |
| D | സാമ്പത്തിക പ്രവർത്തനങ്ങളുടെ ലക്ഷ്യം ക്ഷേമ പ്രേരണയാണ്. | | |
| E | ഉൽപാദന ഘടകങ്ങളുടെ ഉടമസ്ഥാവകാശം ഗവൺമെന്റിൽ നിക്ഷിപ്തമാണ് | | |

**പ്രവർത്തനം 6**

ചുവടെ തന്നിരിക്കുന്ന ചരങ്ങളെ സൂക്ഷ്മസാമ്പത്തികശാസ്ത്ര ചരങ്ങൾ, സ്ഥൂലസാമ്പത്തികശാസ്ത്ര ചരങ്ങൾ എന്ന് പട്ടികപ്പെടുത്തുക.

പണപ്പെരുപ്പം, ഒരു തൊഴിലാളിയുടെ വേതനം, ഒരു ഉൽപന്നത്തിന്റെ ചോദനം, തൊഴിലില്ലായ്മ നിരക്ക്

| സൂക്ഷ്മ സാമ്പത്തികശാസ്ത്രചരങ്ങൾ | സ്ഥൂലസാമ്പത്തിക ശാസ്ത്ര ചരങ്ങൾ |
|---|---|
| * ........................................ | * ........................................ |
| * ........................................ | * ........................................ |

**വിലയിരുത്തൽ ചോദ്യങ്ങൾ**

ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

1. ചുവടെ നൽകിയിരിക്കുന്നവയിൽ സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം പഠന വിധേയമാക്കുന്നത്.

   a) ദേശീയവരുമാനം
   b) വ്യക്തിവരുമാനം
   c) പൊതുവില നിലവാരം
   d) സാമ്പത്തിക വളർച്ച

2. കമ്പോള സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകളിൽ ഉൾപ്പെടാത്തത്.

a) ലാഭ പ്രേരണ
b) പൊതുവിതരണ സംവിധാനം
c) ഉൽപാദന വിഭവങ്ങളുടെ സ്വകാര്യ ഉടമസ്ഥത
d) വില സംവിധാനം

3. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരം സാധ്യമാകുന്നത്.

a) ഗവൺമെന്റ് ആസൂത്രണത്തിലൂടെ
b) കമ്പോള സംവിധാനത്തിലൂടെ
c) വില സംവിധാനവും ആസൂത്രണവും ഒരുമിച്ച്
d) വില സംവിധാനത്തിലൂടെ

4. പോസിറ്റീവ് ഇക്കണോമിക്സ്, നോർമിറ്റീവ് ഇക്കണോമിക്സ് എന്തെന്ന് വ്യക്തമാക്കുക.

5. സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ വിശദമാക്കുക.

**ഉത്തരസൂചിക**

പ്രവർത്തനം 1
a. എന്ത് ഉൽപാദിപ്പിക്കണം
b. എങ്ങനെ ഉൽപാദിപ്പിക്കണം
c. ആർക്ക് വേണ്ടി ഉൽപാദിപ്പിക്കണം

പ്രവർത്തനം 2
a. വിഭവങ്ങളുടെ കാര്യക്ഷമമായതും പൂർണവുമായ ഉപയോഗം
b. വിഭവങ്ങളുടെ കാര്യക്ഷമമല്ലാത്തതും അപൂർണവുമായ ഉപയോഗം
c. വിഭവ പരിമിതി

പ്രവർത്തനം 3
a. ലാഭ പ്രേരണ
b. ഉൽപാദന ഘടകങ്ങളുടെ സ്വകാര്യ ഉടമസ്ഥാവകാശം
c. കേന്ദ്ര ആസൂത്രണം
d. ഉൽപാദന ഘടകങ്ങളുടെ ഉടമസ്ഥാവകാശം ഗവൺമെന്റിന്
e. വില സംവിധാനവും കേന്ദ്ര ആസൂത്രണവും
f. ലാഭ പ്രേരകവും ക്ഷേമ പ്രേരകവും

പ്രവർത്തനം 4
Y അക്ഷത്തിൽ പുസ്തകവും X അക്ഷത്തിൽ പേനയും അടയാളപ്പെടുത്തി PPC വരക്കുക. ഒരു കോമ്പിനേഷൻ അടയാളപ്പെടുത്തുക.

പ്രവർത്തനം 5
മുതലാളിത്ത സമ്പദ്‌വ്യവസ്ഥ : B, C
സോഷ്യലിസ്റ്റ്സമ്പദ്‌വ്യവസ്ഥ : A, D, E

പ്രവർത്തനം 6
സൂക്ഷ്മസാമ്പത്തിക ശാസ്ത്ര ചരങ്ങൾ: ഒരു തൊഴിലാളിയുടെ വേതനം, ഒരു ഉൽപന്നത്തിന്റെ ചോദനം
സ്ഥൂലസാമ്പത്തിക ചരങ്ങൾ : പണപ്പെരുപ്പം, തൊഴിലില്ലായ്മ നിരക്ക്

# അധ്യായം - 2

## ഉപഭോക്തൃ പെരുമാറ്റ സിദ്ധാന്തം

ഒരു ഉപഭോക്താവ് അഭിമുഖീകരിക്കുന്ന പ്രശ്നം തന്റെ കയ്യിലുള്ള പരിമിതമായ വരുമാനം ഉപയോഗിച്ച് കൊണ്ട് എങ്ങനെ ഉപയുക്തത പരമാവധിയാക്കാം എന്നതാണ്. വസ്തുക്കളുടെ വിലയിൽ മാറ്റം ഉണ്ടാവുമ്പോൾ, വരുമാനത്തിൽ മാറ്റം ഉണ്ടാവുമ്പോൾ ഉപഭോക്താവ് എങ്ങനെ പ്രതികരിക്കുന്നു എന്നത് വിശകലനം ചെയ്യുന്ന ചില സിദ്ധാന്തങ്ങൾ ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു. ഉപയുക്തയുടെ പരിമാണപരമായ വിശകലനം, സ്ഥാനീയ വിശകലനം, നിസ്സംഗതാവക്രം, ബജറ്റ് രേഖ എന്നിവ ഉപയോഗിച്ച് ഉപഭോക്താവിന്റെ അനുകൂലതമ തെരഞ്ഞെടുപ്പ് എങ്ങനെ വിശകലനം ചെയ്യാം എന്നിവയെല്ലാം ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

സൂക്ഷ്മ സാമ്പത്തിക ശാസ്ത്രത്തിലെ കാതലായ സിദ്ധാന്തങ്ങൾ പരിചയപ്പെടുന്നത് ചോദനം എന്ന ആശയത്തിലൂടെയാണ്. ചോദനത്തിലെ ചരങ്ങളായ വില, ചോദന അളവ് എന്നിവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും ചോദനത്തെ നിർണയിക്കുന്ന ഘടകങ്ങൾ ഏവയെന്നും, വിലയിൽ മാറ്റമുണ്ടാവുമ്പോൾ ചോദനത്തിൽ ഉണ്ടാവുന്ന മാറ്റത്തിന്റെ വ്യാപ്തിയെക്കുറിച്ചുമെല്ലാം വിശദമായി ഈ അധ്യായം പ്രതിപാദിക്കുന്നു.

പ്രധാന ആശയങ്ങൾ

- ♦ പരിമാണ ഉപയുക്തതാ അപഗ്രഥനം
- ♦ സ്ഥാനീയ ഉപയുക്തതാ അപഗ്രഥനം
- ♦ നിസ്സംഗതാ വക്രം
- ♦ ഉപഭോക്താവിന്റെ ബഡ്ജറ്റ്
- ♦ ഉപഭോക്താവിന്റെ അനുകൂലതമ തെരഞ്ഞെടുപ്പ്
- ♦ ചോദനം
- ♦ ചോദനത്തിന്റെ വില ഇലാസ്തികത

**പ്രവർത്തനം 1**

ഉപഭോക്താവിന്റെ ആവശ്യം നിറവേറ്റുന്നതിനുള്ള ഒരു വസ്തുവിന്റെ കഴിവിനെ ഉപയുക്തത എന്ന് പറയുന്നു. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ഉപയുക്തതയുടെ സവിശേഷതകൾക്ക് നേരെ ✓ ഇടുക.

| | |
|---|---|
| A. ഉപയുക്തത ആത്മനിഷ്ഠമാണ് | |
| B. സമയത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു | |
| C. സ്ഥലത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു | |

**പ്രവർത്തനം 2**

ഉപയുക്തത വിശകലനം ചെയ്യുന്ന രണ്ട് രീതികൾ പരിമാണ ഉപയുക്തതാ അപഗ്രഥനവും സ്ഥാനീയ ഉപയുക്തത അപഗ്രഥനവുമാണ്. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ അനുയോജ്യമായവയ്ക്ക് നേരെ സ്ഥാനീയ ഉപയുക്തത, പരിമാണ ഉപയുക്തത എന്നിങ്ങനെ രേഖപ്പെടുത്തുക.

| | |
|---|---|
| A. ഉപയുക്തത അക്കങ്ങൾ ഉപയോഗിച്ച് അളക്കാൻ കഴിയും | ........................................................... |
| B. ഉപയുക്തതയെ താരതമ്യം ചെയ്യാനേ കഴിയൂ | ........................................................... |

**പ്രവർത്തനം 3**


നിസ്സംഗതാ വക്രങ്ങളുടെ സവിശേഷതകളെ കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.


- ..............................................................................................................
- ..............................................................................................................
- രണ്ട് നിസ്സംഗതാ വക്രങ്ങൾ കൂട്ടിമുട്ടുകയില്ല


**പ്രവർത്തനം 4**

ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾക്ക് നേരെ ബോക്സിൽ നൽകിയിരിക്കുന്ന പദങ്ങളിൽ നിന്ന് അനുയോജ്യമായത് എഴുതുക.

നിസ്സംഗതാ വക്ര ഭൂപടം (നസ്സംഗതാ മാപ്പ്), നിസ്സംഗതാ വക്രം, ബജറ്റ് രേഖ




A. .....................

B. .....................

C. .....................

**പ്രവർത്തനം 5**

ചുവടെ നൽകിയിരിക്കുന്ന ആശയങ്ങൾക്ക് സമാനമായ സാമ്പത്തിക പദങ്ങൾ കണ്ടെത്തി എഴുതുക.

a. ഒരു വസ്തുവിന്റെ ഒരു മാത്ര കൂടി കൂടുതൽ ഉപയോഗിക്കുമ്പോൾ അധികമായി ലഭിക്കുന്ന സംതൃപ്തി .


b. രണ്ട് വസ്തുക്കളുടെ രണ്ട് വ്യത്യസ്ത ബണ്ടിലുകളിൽ നിന്ന് യൂണിറ്റുകൾ കുറവുള്ള ബണ്ടിലിനേക്കാൾ യൂണിറ്റുകൾ കൂടുതലുള്ള ബണ്ടിലുകൾ ഒരു ഉപഭോക്താവ് പരിഗണിക്കുന്ന അവസ്ഥ.

c. ഒരു വസ്തു ഒരു മാത്ര കൂടുതലായി ഉപയോഗിക്കുമ്പോൾ ഉപഭോക്താവ് ത്യജിക്കാൻ തയ്യാറാവുന്ന ബദൽ വസ്തുവിന്റെ അളവ്.

d. ഒരു വസ്തു കൂടുതലായി ഉപയോഗിക്കുമ്പോൾ ത്യജിക്കേണ്ടി വരുന്ന ബദൽ വസ്തുവിന്റെ അളവ് കുറയുന്ന നിരക്ക്.

**പ്രവർത്തനം 6**

നിസ്സംഗതാ വക്രത്തിന്റെ സവിശേഷതകൾ സൂചിപ്പിക്കുന്ന ഗ്രാഫുകൾ താഴെ കൊടുത്തിരിക്കുന്നു. സവിശേഷതകൾ കണ്ടെത്തി എഴുതുക.




a ……………………………………………………….........

……………………………………………………….........


……………………………………………………….........




b ……………………………………………………….........

……………………………………………………….........

……………………………………………………….........




b ……………………………………………………….........

……………………………………………………….........

……………………………………………………….........

**പ്രവർത്തനം 7**

$P_1 X_1 + P_2 X_2 = M$ എന്ന ബജറ്റ് ലൈൻ സമവാക്യത്തെ അടിസ്ഥാനമാക്കി ചുവടെ നൽകിയിരിക്കുന്നവ പൂർത്തിയാക്കുക.

a) $P_1$ = ……………………………………………………………………

b) $X_1$ = ……………………………………………………………………

c) $P_2$ = ……………………………………………………………………

d) $X_2$ = ……………………………………………………………………

e) $M$ = ……………………………………………………………………

**പ്രവർത്തനം 8**

$10x_1 + 20x_2 = 100$ എന്ന ബജറ്റ് രേഖയുടെ സമവാക്യം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുക.


| | | |
|---|---|---|
| ഒന്നാമത്തെ വസ്തുവിന്റെ വില (P1) | | (a) |
| രണ്ടാമത്തെ വസ്തുവിന്റെ വില (P2) | | (b) |
| ഉപഭോക്താവിന്റെ വരുമാനം (M) | | (c) |

X ഇന്റർസെപ്റ്റ് $M/P_1 = \dfrac{\ldots\ldots\ldots\ldots}{\ldots\ldots\ldots\ldots} =$ ☐ (d)

Y ഇന്റർസെപ്റ്റ് $M/P_2 = \dfrac{\ldots\ldots\ldots\ldots}{\ldots\ldots\ldots\ldots} =$ ☐ (e)

ബജറ്റ് രേഖയുടെ ചരിവ് - $\dfrac{P_1}{P_2} = \dfrac{\ldots\ldots\ldots\ldots}{\ldots\ldots\ldots\ldots} =$ ☐ (f)


ബജറ്റ് രേഖ വരയ്ക്കുക.





**പ്രവർത്തനം 9**

ബജറ്റ് ലൈനിന്റെ വിവിധ മാറ്റങ്ങൾക്ക് കാരണമാകുന്ന സന്ദർഭങ്ങൾ ബോക്സിൽ നൽകിയിരിക്കുന്നു. ഇവ അനുയോജ്യമായ ഡയഗ്രത്തിന് നേരെ രേഖപ്പെടുത്തുക.


- $X_2$ ഉല്പന്നത്തിന്റെ വില വർദ്ധിക്കുന്നു.
- $X_1$ ഉല്പന്നത്തിന്റെ വില വർദ്ധിക്കുന്നു.
- $X_1$ ഉല്പന്നത്തന്റെ വില കുറയുന്നു.
- ഉപഭോക്താവിന്റെ വരുമാനം വർദ്ധിക്കുന്നു.





a).




b).





c).




d).

**പ്രവർത്തനം 10**

ഉപഭോക്താവിന്റെ സന്തുലിതാവസ്ഥ നിർണ്ണയിക്കുന്നതിന് സഹായകമായ ഡയഗ്രം ചുവടെ നൽകിയിരിക്കുന്നു.



1. ചിത്രത്തിൽ A, C, D എന്നിവ എന്തിനെ സൂചിപ്പിക്കുന്നു? .....................................

2. ചിത്രത്തിൽ BB ലൈൻ എന്തിനെ സൂചിപ്പിക്കുന്നു? .....................................

3. ചിത്രത്തിൽ E എന്ന ബിന്ദു എന്തിനെ സൂചിപ്പിക്കുന്നു? .....................................


4. ഉപഭോക്താവിന്റെ സന്തുലിതാവസ്ഥ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

.............................................................................................


**പ്രവർത്തനം 11**

ചുവടെ നൽകിയിരിക്കുന്ന ഡയഗ്രത്തിൽ ചോദന വക്രത്തിലൂടെയുള്ള മാറ്റം, ചോദന വക്രമാറ്റം എന്നിവ കാണിച്ചിരിക്കുന്നു. ബോക്സിൽ നൽകിയവയിൽ നിന്നും ഓരോ ഗ്രാഫിനും അനുയോജ്യമായ കാരണം ഗ്രാഫിന് താഴെ എഴുതുക.


| | |
|---|---|
| ഉപഭോക്താവിന്റെ വരുമാനം വർദ്ധിക്കുന്നു. | വസ്തുവിന്റെ വില കുറയുന്നു. |
| വസ്തുവിന്റെ വില കൂടുന്നു. | അനുബന്ധ വസ്തുവിന്റെ വില കൂടുന്നു. |





a) ...............................................




b) ...............................................




c) ...............................................




d) ...............................................

**പവർത്തനം 12**

ഉപഭോക്താവിന്റെ ചോദനവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ആശയങ്ങൾക്ക് സമാനമായ സാമ്പത്തിക പദങ്ങൾ കണ്ടെത്തി എഴുതുക.

a) മറ്റു ഘടകങ്ങൾ സ്ഥിരമായി നിൽക്കുമ്പോൾ ഒരു വസ്തുവിന്റെ ചോദനവും വിലയും തമ്മിലുള്ള വിപരീത ബന്ധത്തെ സൂചിപ്പിക്കുന്നത്. ....................................


b) ഒരു വസ്തുവിന്റെ വില വർദ്ധിക്കുന്നത് മൂലം ചോദനത്തിലുണ്ടാകുന്ന കുറവ്. ....................................

c) ഒരു വസ്തുവിന്റെ വില കുറയുന്നത് മൂലം ചോദനത്തിലുണ്ടാകുന്ന വർദ്ധനവ് ....................................

d) വില ഇതര ഘടകത്തിലുണ്ടാകുന്ന അനുകൂലമാറ്റം മൂലം ഒരു വസ്തുവിന്റെ ചോദനത്തിലുണ്ടാകുന്ന വർദ്ധനവ് ....................................

**പ്രവർത്തനം 13**

ചോദനത്തെ സ്വാധീനിക്കുന്ന വിലയേതര ഘടകങ്ങളെ സൂചിപ്പിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.



**പ്രവർത്തനം 14**

ചുവടെ നൽകിയിരിക്കുന്ന ആശയങ്ങൾ അനുയോജ്യമായ പ്രസ്താവനകൾക്ക് നേരെ എടുത്തെഴുതുക.

| |
|---|
| പൂരക വസ്തുക്കൾ, സാധാരണ വസ്തുക്കൾ,<br>പ്രതിസ്ഥാപന വസ്തുക്കൾ, താണതരം വസ്തുക്കൾ |

a) ഒരു വസ്തുവിന് പകരമായി ഉപയോഗിക്കാവുന്ന വസ്തു. ..........................................................

b) ഉപഭോക്താവിന്റെ വരുമാനം വർദ്ധിക്കുമ്പോൾ ചോദനം കുറയുന്ന വസ്തുക്കൾ ..........................................................

c) ഒരു വസ്തുവിന്റെ ഉപഭോഗം പൂർണ്ണമാകാനായി ഒരുമിച്ച് ഉപയോഗിക്കുന്ന വസ്തുക്കൾ ..........................................................

d) ഉപഭോക്താവിന്റെ വരുമാനം വർദ്ധിക്കുമ്പോൾ ചോദനം വർദ്ധിക്കുന്ന വസ്തുക്കൾ ..........................................................

**പ്രവർത്തനം 15**

താഴെ നൽകിയിരിക്കുന്ന ജോഡി ഉല്പന്നങ്ങളെ പൂരക വസ്തുക്കൾ, പ്രതിസ്ഥാപന വസ്തുക്കൾ എന്നിങ്ങനെ തരം തിരിക്കുക.

| |
|---|
| ബ്രഡ് & ജാം, ചായ & കാപ്പി, ഷൂ & സോക്സ്, പേന & പെൻസിൽ |

| പൂരക വസ്തുക്കൾ | പ്രതിസ്ഥാപന വസ്തുക്കൾ |
|---|---|
| ♦ | ♦ |
| ♦ | ♦ |


**വിലയിരുത്തൽ ചോദ്യങ്ങൾ**

1. ആവശ്യം നിറവേറ്റാൻ ഉള്ള ഒരു വസ്തുവിന്റെ ശേഷി
   a) ഉപയുക്തത
   b) ചോദനം
   c) വില ഇലാസ്തികത
   d) ബജറ്റ് രേഖ

2. ചുവടെ നൽകിയിരിക്കുന്നവയിൽ പ്രതിസ്ഥാപന വസ്തുവിന് ഉദാഹരണം
   a) ഷൂ - സോക്സ്.
   b) പേന - മഷി
   c) പേന - പെൻസിൽ
   d) കാർ - പെട്രോൾ

3. ചോദനത്തിന്റെ വില ഇലാസ്തികത -1 എന്നത് സൂചിപ്പിക്കുന്നത് :
   a) ചോദനം ഇലാസ്തികത കൂടിയാണ്
   b) ചോദനം യൂണിറ്ററി ഇലാസ്തികത ആണ്
   c) ചോദനം ഇലാസ്തികത കുറഞ്ഞതാണ്
   d) ചോദനത്തിന്റെ ഇലാസ്തികത അനന്തമാണ്

4.




ചോദനചക്രം D യിൽ നിന്നും D1 ലേക്ക് ഷിഫ്റ്റ് ചെയ്യാനുള്ള കാരണം
   a) ഉപഭോക്താവിന്റെ വരുമാനം കൂടുന്നു.
   b) വസ്തുവിന്റെ വില കുറയുന്നു
   c) വസ്തുവിന്റെ വില കൂടുന്നു
   d) പൂരക വസ്തുവിന്റെ വില കൂടുന്നു.

5. സ്ഥാനീയ ഉപയുക്തത, പരിമാണ ഉപയുക്തത എന്നിവ എന്തെന്ന് വേർതിരിച്ചെഴുതുക

6. ബജറ്റ് രേഖ, നിസംഗതാ വക്രം എന്നിവ നിർവചിക്കുക.

7. സാധാരണ വസ്തുക്കൾ താണതരം വസ്തുക്കൾ എന്നിവ ഉദാഹരണ സഹിതം വ്യക്തമാക്കുക.

8. നിസംഗതാ വക്രം, ബജറ്റ് രേഖ എന്നിവയുടെ സഹായത്തോടെ ഉപഭോക്തൃ സന്തുലിതാവസ്ഥ വിശദമാക്കുക.

**ഉത്തര സൂചിക**

**പ്രവർത്തനം - 1**
A. ശരി, B ശരി, C ശരി

പ്രവർത്തനം - 2
a. പരിമാണ ഉപയുക്തതാ വിശകലനം
b. സ്ഥാനീയ ഉപയുക്തതാ വിശകലനം

**പ്രവർത്തനം - 3**

- നിസംഗതാ വക്രങ്ങൾ ഇടതുനിന്നും വലതു ഭാഗത്തേക്ക് താഴേക്ക് ചെരിഞ്ഞതാണ്
- മുകളിലുള്ള നിസംഗതാ വക്രം കാണിക്കുന്ന സംതൃപ്തിയുടെ അളവ് താഴെയുള്ള വക്രത്തേക്കാൾ കൂടുതൽ ആയിരിക്കും.

**പ്രവർത്തനം - 4**

A. നിസംഗതാ വക്രം
B. ബജറ്റ് രേഖ
C. നിസംഗതാ മാപ്പ്

**പ്രവർത്തനം - 5**

a. സീമാന്ത ഉപയുക്തത
b. മോണോട്ടോണിക് പ്രിഫറൻസ് / ഏകതാന ഇഷ്ടം
c. സീമാന്ത പ്രതിസ്ഥാപന നിരക്ക്
d. അപചയ സീമാന്ത പ്രതിസ്ഥാപന നിരക്ക്

**പ്രവർത്തനം - 6**

a. നിസംഗതാ വക്രം ഇടതുനിന്നും വലതു ഭാഗത്തേക്ക് താഴേക്ക് ചെരിഞ്ഞതാണ്.
b. കൂടുതൽ ഉയർന്ന നിസംഗതാ വക്രം കൂടുതൽ സംതൃപ്തി നൽകുന്നു.
c. നിസംഗതാ വക്രങ്ങൾ പരസ്പരം കൂട്ടിമുട്ടുന്നില്ല.

**പ്രവർത്തനം - 7**

a. ഒന്നാമത്തെ വസ്തുവിന്റെ വില
b. ഒന്നാമത്തെ വസ്തുവിന്റെ അളവ്
c. രണ്ടാമത്തെവസ്തുവിന്റെ വില
d. രണ്ടാമത്തെ വസ്തുവിന്റെ അളവ്
e. ഉപഭോക്താവിന്റെ വരുമാനം

**പ്രവർത്തനം - 8**

a. 10
b. 20
c. 100
d. 100/10 = 10
e. 100/20 = 5
f. −10/20 = −0.5

**പ്രവർത്തനം - 9**

a. x1 ഉല്പന്നത്തിന്റെ വില വർദ്ധിക്കുന്നു.
b. x1 ഉല്പന്നത്തിന്റെ വില കുറയുന്നു.
c. ഉപഭോക്താവിന്റെ വരുമാനം വർദ്ധിക്കുന്നു.
d. x2 ഉല്പന്നത്തിന്റെ വില വർദ്ധിക്കുന്നു.

**പ്രവർത്തനം - 10**

1. നിസംഗതാ വക്രങ്ങൾ
2. ബജറ്റ് രേഖ
3. ഉപഭോക്താവിന്റെ സന്തുലിതാവസ്ഥ
4. ബജറ്റ് രേഖയും നിസംഗതാ വക്രവും തമ്മിൽ tangent ആവുന്ന അവസ്ഥ

**പ്രവർത്തനം - 11**

a. വസ്തുവിന്റെ വില കുറയുന്നു
b. അനുബന്ധ വസ്തുവിന്റെ വില വർദ്ധിക്കുന്നു.
c. വസ്തുവിന്റെ വില കൂടുന്നു.
d. ഉപഭോക്താവിന്റെ വരുമാനം വർദ്ധിക്കുന്നു.

**പ്രവർത്തനം – 12**

a. ചോദന നിയമം
b. ചോദനത്തിന്റെ സങ്കോചം
c. ചോദനത്തിന്റെ വികാസം
d. ചോദന വർദ്ധനവ്

**പ്രവർത്തനം – 13**

a. ഉപഭോക്താവിന്റെ വരുമാനം
b. അനുബന്ധ വസ്തുക്കളുടെ വില
c. അഭിരുചി ഫാഷൻ മുൻഗണന

**പ്രവർത്തനം – 14**

a. പ്രതിസ്ഥാപന വസ്തു.
b. താണതരം വസ്തുക്കൾ
c. പൂരക വസ്തുക്കൾ
d. സാധാരണ വസ്തുക്കൾ

**പ്രവർത്തനം – 15**

| പൂരക വസ്തുക്കൾ | പ്രതിസ്ഥാപന വസ്തുക്കൾ |
|---|---|
| ♦ ബ്രഡ് - ജാം | ♦ ചായ - കാപ്പി |
| ♦ ഷൂ - സോക്സ് | ♦ പേന - പെൻസിൽ |

# അധ്യായം 3

# ഉല്പാദനവും ചെലവും

**ആമുഖം**

നിവേശങ്ങളെ ഉല്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് ഉല്പാദനം. ഉപയോഗിക്കുന്ന നിവേശങ്ങളും നിർമ്മിക്കുന്ന ഉല്പന്നങ്ങളും തമ്മിലുള്ള സാങ്കേതിക ബന്ധമാണ് ഉൽപാദന ധർമം.

ഉൽപാദന പ്രക്രിയ, ഉല്പാദന ധർമ്മം, മൊത്ത ഉല്പന്നം ശരാരി ഉല്പന്നം, സീമാന്ത ഉല്പന്നം, ഇവ തമ്മിലുള്ള ബന്ധം ഹ്രസ്വകാല, ദീർഘകാല ഉല്പാദന ധർമങ്ങൾ എന്നിവ ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.


ഉല്പാദന ചെലവ്, ഉല്പാദന ചെലവിന്റെ വർഗീകരണം, സ്ഥിര ചെലവുകളും, വിഭേദക ചെലവ്, ശരാശരി ചെലവുകൾ, സീമാന്ത ചെലവ് എന്നിവയെല്ലാം ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

**പ്രധാന ആശയങ്ങൾ**

- ഉല്പാദന ധർമം
- അപചയ സീമാന്ത ഉല്പന്നനിയമം
- തോതനുസരിച്ചുള്ള പ്രത്യയം.
- ഹ്രസ്വകാല ഉല്പാദന നിയമവും ദീർഘകാല ഉല്പാദന നിയമവും
- വിവിധ തരം ചെലവുകൾ

**പ്രവർത്തനം 1**

ഒരു ഉൽപാദന ധർമത്തിന് രണ്ട് പ്രധാന ഘടകങ്ങളിൽ വിട്ട ഭാഗം പൂരിപ്പിക്കുക.




**പ്രവർത്തനം -2**

ശരാശരി ഉല്പന്നം കാണുന്നതിനുള്ള സമവാക്യം പൂർണമാക്കുക.

(Hints) (മൊത്ത ഉൽപന്നം, വിഭേദകഘടകം)

A.............................

ശരാശരി ഉല്പന്നം =

B..............................

**പ്രവർത്തനം -3**

സീമാന്ത ഉല്പന്നം കാണുന്ന സമവാക്യത്തിൽ വിട്ടഭാഗം പൂർണമാക്കുക.

(Hints: മൊത്തഉല്പന്നത്തിലെ മാറ്റം $\Delta$ TP, വിഭേദക ഘടകത്തിലെ മാറ്റം $\Delta$ q)

B .............................

A............................. =

വിഭേദക ഘടകത്തിലെ മാറ്റം ( $\Delta$ q)

**പ്രവർത്തനം -4**

താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| നിവേശങ്ങൾ (q) | മൊത്തഉല്പന്നം (TP) | സീമാന്ത ഉല്പന്നം (MP) | ശരാശരി ഉൽപന്നം(AP) |
|---|---|---|---|
| 0 | 0 | ... | ... |
| 1 | 10 | 10 | 10 |
| 2 | 24 | ... | 12 |
| 3 | 40 | 16 | ... |
| 4 | ... | 10 | 12.5 |
| 5 | 56 | ... | 11.2 |

**പ്രവർത്തനം -5**


$$\left(\text{Hints}: MP = \frac{\Delta TP}{\Delta q} \qquad AP = \frac{TP}{q}\right)$$

ഹ്രസ്വകാല ഉൽപാദന ധർമ്മവുമായും ,ദീർഘകാല ഉൽപാദന ധർമ്മമായും ബന്ധപ്പെട്ട ചില പ്രസ്താവനകൾ താഴെ തന്നിരിക്കുന്നു. ഇവ ഒരോന്നും തിരിച്ചറിയുക.

| | പ്രസ്താവനകൾ | ഹ്രസ്വകാല ഉല്പാദനം/ ദീർഘകാല ഉല്പാദനം |
|---|---|---|
| എ) | എല്ലാ നിവേശങ്ങളും മാറ്റത്തിന് വിധേയമാവുന്ന കാലയളവ് | |
| ബി) | ഏതെങ്കിലും ഒരു നിവേശമെങ്കിലും സ്ഥിരമായിരിക്കുന്ന കാലയളവ് | |
| സി) | സ്ഥിരഘടകം, വിഭേദകഘടകം എന്ന വ്യത്യാസമുണ്ട്. | |
| ഡി) | അപചയ സീമാന്ത ഉല്പന്ന നിയമം എന്നറിയപ്പെടുന്നു. | |
| ഇ) | തോതനുസരിച്ചുള്ള ആദായം എന്നറിയപ്പെടുന്നു. | |

**പ്രവർത്തനം -6**

അപചയ സീമാന്ത ഉല്പാദനനിയമത്തെ കാണിക്കുന്ന ഡയഗ്രം താഴെ തന്നിരിക്കുന്നു. അതിൽ സീമാന്ത ഉല്പന്നം, ശരാശരി ഉല്പന്നം ഇവയെ കാണിക്കുന്ന വക്രങ്ങൾ ഏതെന്ന് എഴുതുക.





1) ..........................

(2) ..............................

പ്രവർത്തനം -7


തന്നിരിക്കുന്ന അപചയ സീമാന്ത ഉല്പന്ന നിയമത്തെ ചിത്രീകരിക്കുന്ന ഡയഗ്രത്തിൽ നിന്നും TP യും, MPയും തമ്മിലുള്ള ബന്ധങ്ങൾ എടുത്തെഴുതുക.




1. തുടക്കത്തിൽ TP യും MPയും വർദ്ധിക്കുന്നു.
2. TPപരമാവധിയെത്തുന്നതിനു മുമ്പേ MPപരമാവധി എത്തുന്നു.
3. ................................................
4. ................................................

**പ്രവർത്തനം - 8**

ചുവടെ നൽകിയിരിക്കുന്ന ഡയഗ്രത്തിൽ നിന്നും AP യും MPയും തമ്മിലുള്ള ബന്ധം എഴുതുക.



1. AP,MP വക്രങ്ങൾക്ക് തല തിരിഞ്ഞ U ആകൃതിയാണ്.
2. ………………………………………………
3. ………………………………………………
4. ………………………………………….....


**പ്രവർത്തനം - 9**

തോതനുസരിച്ചുള്ള ആദായം നിയത്തിലെ ഘട്ടങ്ങളിൽ വിട്ടഭാഗം പൂരിപ്പിക്കുക.

1. തോതനുസരിച്ചുള്ള വർധമാന ആദായം.
2. തോതനുസരിച്ചുള്ള സ്ഥിര ആദായം.
3. …………………………………..

**പ്രവർത്തനം -10**

TFC, TVC,TC എന്നീ വക്രങ്ങളെ കാണിക്കുന്ന ഡയഗ്രാം ചുവടെ തന്നിരിക്കുന്നു. അവയോരോന്നും കൃത്യമായി അടയാളപ്പെടുത്തുക.




1. ............

3. ............


**പ്രവർത്തനം - 11**

TFC , TVC, TC എന്നീ ചെലവുകളുമായി ബന്ധപ്പെട്ട പട്ടിക ചുവടെ തന്നിരിക്കുന്നു. വിട്ടഭാഗം പൂരിപ്പിക്കുക.

| ഉല്പന്നം (q) | TFC (Rs.) | TVC (Rs.) | TC (Rs.) |
|---|---|---|---|
| 0 | 20 | 0 | … |
| 1 | … | 10 | … |
| 2 | …. | … | 38 |
| 3 | … | … | 44 |
| 4 | … | 29 | .. |
| 5 | … | 33 | .. |


**പ്രവർത്തനം –12**

SMC, SAC,AVC എന്നീ വക്രങ്ങളെ കാണിക്കുന്ന ഡയഗ്രം ചുവടെ തന്നിരിക്കുന്നു. ഇവയോരോന്നും ചിത്രത്തിൽ അടയാളപ്പെടുത്തുക.




**പ്രവർത്തനം – 13**


MC, യും AC യും തമ്മിലുള്ള ബന്ധം കാണിക്കുന്ന ഡയഗ്രം ചുവടെ തന്നിരിക്കുന്നു. അത് പരിശോധിച്ച് അവ തമ്മിലുള്ള ബന്ധങ്ങൾ എടുത്തെഴുതുക.




1. AC, MC 'U' ആകൃതിയിൽ
2. ACയുടെ മിനിമത്തിൽ MC = AC.
3. ........................................................
4. .........................................................

പ്രവർത്തനം - 14

ചിത്രത്തിൽ നിന്നും LRAC യും, L RMC യും തമ്മിലുള്ള ബന്ധങ്ങൾ പരിശോധിച്ച് വിട്ടഭാഗം പൂരിപ്പിക്കുക.




(A) LRAC യ്ക്കും LRMC യ്ക്കും U ആകൃതിയാണ്.

(B) LRAC യുടെ മിനിമത്തിൽ, LRMC= LRAC

(C) ......................................................

**പ്രവർത്തനം - 15**

ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| ഉല്പന്നം (q) | TFC (₹) | TVC (₹) | TC (₹) | AFC (₹) | AVC (₹) | SAC (₹) | SMC (₹) |
|---|---|---|---|---|---|---|---|
| 0 | 20 | 0 | 20 | ... | ... | ... | ... |
| 1 | ... | 10 | ... | ... | ... | ... | ... |
| 2 | ... | 18 | ... | ... | ... | ... | ... |
| 3 | ... | ... | 44 | 6.67 | ... | 14.67 | ... |
| 4 | ... | ... | 49 | ... | 7.25 | 12.25 | ... |
| 5 | ... | 33 | ... | ... | 6.6 | 10.6 | ... |
| 6 | ... | ... | 59 | 3.33 | 6.5 | 9.83 | ... |
| 7 | ... | 47 | ... | 2.86 | 6.7 | 9.57 | ... |

**പ്രവർത്തനം - 16**

TC = TFC + TVC ആണ് എങ്കിൽ താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

A. TFC = 30, TVC = 20, TC = ?

B. TC = 100, TVC = 30, TFC = ?

HINT : (TFC = TC-TVC)

C. TC = 100 TFC = 60, TVC = ?

HINT : (TVC = TC – TFC)

**പ്രവർത്തനം - 17**

$$AFC = \frac{TFC}{q}, \quad AVC = \frac{TVC}{q}, \quad AC = \frac{TC}{q}$$

ആണെങ്കിൽ താഴെ പറയുന്ന പട്ടിക പൂർത്തിയാക്കുക.


| (q) | TFC | TVC | TC | AFC | AVC | AC |
|---|---|---|---|---|---|---|
| 0 | 10 | 0 | 10 | … | … | … |
| 1 | 10 | 5 | 15 | … | … | … |
| 2 | 10 | 10 | 20 | … | … | … |
| 3 | 10 | 15 | 25 | … | … | … |
| 4 | 10 | 20 | 30 | … | … | … |
| 5 | 10 | 30 | 40 | … | … | … |

**പ്രവർത്തനം - 18**

ചുവടെ നൽകിയിരിക്കുന്ന പ്രസ്ഥാവനകൾ അനുയോജ്യമായ ഡയഗ്രങ്ങൾക്ക് നേരെ ക്രമപ്പെടുത്തി ഡയഗ്രവും പട്ടികയും പൂർത്തിയാക്കുക.


| | | |
|---|---|---|
| A | $\frac{\Delta TC}{\Delta q}$ | ♦ MC<br>♦ AFC |
| B | $\frac{TFC}{q}$ | |
| C | U ആകൃതിയിലുള്ള ചെലവ് വക്രം | |
| D | റെക്ടാൻഗ്യുലർ ഹൈപ്പർബോള | |
| E | സീമാന്ത ചെലവ് വക്രം | |
| F | ശരാശരി സ്ഥിരചെലവ് | |

A)




♦.....................
♦......................
♦.......................

B)





♦...........
♦.................
♦.................


**പ്രവർത്തനം - 19**

ഡയഗ്രാമുകൾതാരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.

A)





B)




| | |
|---|---|
| AP,MP തമ്മിലുള്ള ബന്ധം കാണിക്കുന്നു. | AC ,MC തമ്മിലുള്ള ബന്ധം കാണിക്കുന്നു. |

**പ്രവർത്തനം - 20**

ശരാശരി ചെലവ്, ശരാശരി വിഭേദക ചെലവ് തമ്മിലുള്ള ബന്ധം ഡയഗ്രത്തിൽ കാണിച്ചിരിക്കുന്നു. ഇവ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.




- ........................................................................
- ........................................................................

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. TP, AP, TFC, TVC എന്നിവയിൽ തിരശ്ചീനമായത് ഏത് ?

2. സ്ഥിര ഘടകം, വിഭേദകഘടകം എന്നിങ്ങനെയുള്ള വ്യത്യാസമില്ലാത്ത ഉല്പാദന ധർമ്മ നിയമമേത് ?

3. TC = TFC + …………..

4. AFC = ……………..

5. AC = AFC + …………..

6. AFC യുടെ ആകൃതി

(A) U ആകൃതി, (B) തല തിരിഞ്ഞ U ആകൃതി ,

(C) റെക്ടാഗുലർ ഹൈപർബോള , (D)തിരശ്ചീനം

7. താഴെ പറയുന്ന വക്രങ്ങളിൽ U ആകൃതിയില്ലാത്തതേത് ?

(A) AC, (B) MC, (C) AVC, (D) AFC

8. MP യുടെ ആകൃതി ………….. ആണ്.

**ഉത്തര സൂചിക**

**പ്രവർത്തനം 1**

(B) ഔട്ട്പുട്ട് (ഉല്പന്നം)

പ്രവർത്തനം –2

A. മൊത്ത ഉല്പന്നം

B. വിഭേദകഘടകം $\Delta$

പ്രവർത്തനം –3

A. MP = $\dfrac{\text{B. മൊത്തഉല്പന്നത്തിലെ മാറ്റം } (\Delta q)}{\text{വിഭേദക ഘടകത്തിലെ മാറ്റം } (\Delta q)}$

പ്രവർത്തനം - 4

| നിവേശങ്ങൾ (q) | മൊത്തഉല്പന്നം (TP) | സീമാന്ത ഉല്പന്നം (MP) | ശരാശരി ഉൽപന്നം(AP) |
|---|---|---|---|
| 0 | 0 | ... | ... |
| 1 | 10 | 10 | 10 |
| 2 | 24 | 14 | 12 |
| 3 | 40 | 16 | 13.33 |
| 4 | 50 | 10 | 12.5 |
| 5 | 56 | 6 | 11.2 |

**പ്രവർത്തനം - 5**

| **പ്രസ്താവനകൾ** | | **ഹ്രസ്വകാല ഉല്പാദന ധർമ്മം / ദീർഘകാല ഉല്പാദന ധർമ്മം** |
|---|---|---|
| A | എല്ലാ നിവേശങ്ങളും മാറ്റത്തിന് വിധേയമാവുന്ന കാലയളവ്. | ദീർഘകാല ഉല്പാദന ധർമ്മം |
| B | ഏതെങ്കിലും ഒരു നിവേശമെങ്കിലും മാറ്റത്തിന് വിധേയമാവാത്ത കാലയളവ്. | ഹ്രസ്വകാല ഉല്പാദന ധർമം |
| C | സ്ഥിരഘടകം, വിഭേദകഘടകം എന്നിവ വ്യത്യാസമില്ല. | ദീർഘകാല ഉല്പാദന ധർമം |
| D | സ്ഥിരഘടകം, വിഭേദകഘടകം എന്നിവ വ്യത്യാസമുണ്ട്. | ഹ്രസ്വകാല ഉല്പാദന ധർമം |
| E | അപചയ സീമന്ത ഉല്പാദനനിയമം എന്നറിയപ്പെടുന്നു. | ഹ്രസ്വകാല ഉല്പാദന ധർമം |
| F | തോതനുസരിച്ചുള്ള പ്രത്യയം എന്നറിയപ്പെടുന്നു. | ദീർഘകാല ഉല്പാദന ധർമം |

**പ്രവർത്തനം - 6**

(1) AP

(2) MP

**പ്രവർത്തനം - 7**

(3) TP പരമാവധിയെത്തുമ്പോൾ MP പൂജ്യത്തിലെത്തുന്നു.

(4) TP താഴുമ്പോൾ MP നെഗറ്റീവ് ആകുന്നു.

**പ്രവർത്തനം -8**

(2) AP വർദ്ധിക്കുമ്പോൾ MP, AP യേക്കാൾ കൂടുതലാണ്.

(3) AP കുറയുമ്പോൾ MP, APയേക്കാൾ കുറവണ്.

(4) AP യുടെ പരമാവധി ബിന്ദുവിലൂടെ മാത്രമേ MP കടന്നുപോവൂ.

**പ്രവർത്തനം -9**

4. തോതനുസരിച്ചുള്ള അപചയ ആദായം

**പ്രവർത്തനം - 10**

1. TC 3, TFC

പ്രവർത്തനം -11

| ഉല്പന്നം (q) | TFC (Rs.) | TFC (Rs.) | TFC (Rs.) |
|---|---|---|---|
| 0 | 20 | 0 | 20 |
| 1 | 20 | 10 | 20 |
| 2 | 20 | 18 | 38 |
| 3 | 20 | 24 | 44 |
| 4 | 20 | 29 | 49 |
| 5 | 20 | 33 | 53 |

**പ്രവർത്തനം - 12**

(A) SAC (C) AVC

**പ്രവർത്തനം - 13**

(c) MC, AC യെക്കാൾ കുറവാണെങ്കിൽ AC കുറയുകയും MC, AC യെക്കാൾ കൂടുതലാണെങ്കിൽ AC കൂടുകയും ചെയ്യും

(d) MC കടന്നുപോവുന്നത് AC യുടെ മിനിമം ബിന്ദുവിലൂടെ മാത്രമായിരിക്കും.

**പ്രവർത്തനം -14**

LRMC കടന്നുപോവുന്നത് LRAC യുടെ മിനിമം ബിന്ദുവിലൂടെയാണ്.

**പ്രവർത്തനം –15**

| ഉല്പന്നം (q) | TFC (₹) | TVC (₹) | TC (₹) | AFC (₹) | AVC (₹) | SAC (₹) | SMC (₹) |
|---|---|---|---|---|---|---|---|
| 0 | 20 | 0 | 20 | … | … | … | … |
| 1 | 20 | 10 | 30 | 20 | 10 | 30 | 10 |
| 2 | 20 | 18 | 38 | 10 | 9 | 19 | 8 |
| 3 | 20 | 24 | 44 | 6.67 | 8 | 14.67 | 6 |
| 4 | 20 | 33 | 49 | 5 | 7.25 | 12.25 | 5 |
| 5 | 20 | 33 | 53 | 4 | 6.6 | 10.6 | 4 |
| 6 | 20 | 39 | 59 | 3.33 | 6.5 | 9.83 | 6 |
| 7 | 20 | 47 | 67 | 2.86 | 6.7 | 9.57 | 8 |

**പ്രവർത്തനം –16**

A = 50

B = 70

C = 40

**പ്രവർത്തനം –17**

| AFC | AVC | AC |
|---|---|---|
| - | - | - |
| 10 | 5 | 15 |
| 5 | 5 | 10 |
| 3.33 | 5 | 8.33 |
| 2.5 | 5 | 7.5 |
| 2 | 6 | 8 |

**പ്രവർത്തനം -18**

A• സീമാന്ത ചെലവ്

- സീമാന്ത ചെലവ് വക്രം
- $\Delta TC / \Delta q$
- U ആകൃതിയിൽ ഉള്ള വക്രം

B . • ശരാശരി സ്ഥിര ചെലവ് വക്രം

- ശരാശരി ചെലവ് വക്രം
- TFC/q
- റെക്ടാൻഗ്യുലർ ഹൈപർബോള (Rectangular Hyperbola)

**പ്രവർത്തനം -19**

A1. സീമാന്ത ഉല്പന്ന വക്രം

A2. ശരാശരി ഉല്പന്ന വക്രത്തിന്റെ പരമാവധിയിലൂടെയാണ് സീമന്ത ഉല്പന്ന വക്രം കടന്ന് പോകുന്നത്.

B1. സീമാന്ത ചെലവ് വക്രം

B2. ശരാശരി ചെലവ് വക്രം

ശരാശരി ചെലവ് വക്രത്തിന്റെ ഏറ്റവും താഴ്ന്ന ബിന്ദുവിലൂടെയാണ് സീമന്ത ചെലവ് വക്രം കടന്ന് പോകുന്നത്.

**പ്രവർത്തനം -20**

- ശരാശരി ചെലവ് വക്രത്തേക്കാൾ കുറവാണ് ശരാശരി വിഭേദക ചെലവ് വക്രം
- ഉല്പന്നം വർദ്ധിക്കും തോറും ശരാശരി ചെലവ് വക്രവും ശരാശരി വിഭേദക ചെലവ് വക്രവും തമ്മിലുള്ള അകലം കുറഞ്ഞ് വരുന്നു.

# അധ്യായം 4
# പരിപൂർണ്ണ കിടമത്സര വിപണിയിലെ ഉൽപാദന യൂണിറ്റുകൾ

വളരെയധികം ഉൽപാദകരും ഉപഭോക്താക്കളും ഉള്ളതും പ്രവേശന പുറത്തുപോകൽ സ്വാതന്ത്ര്യമുള്ളതും ഒരു പോലെയുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നതും ഉൽപാദന യൂണിറ്റുകൾ വില സ്വീകർത്താക്കളുമായ കമ്പോളമാണ് പൂർണകിടമത്സര കമ്പോളം.

പൂർണകിട മത്സരത്തിന്റെ സവിശേഷതകൾ ഹ്രസ്വകാലത്തും ദീർഘകാലത്തും ഒരു ഉൽപാദന യൂണിറ്റിന്റെ സന്തുലുതാവസ്ഥ, ലാഭം പരമാവധിയാക്കൽ ഉൽപന്ന നില, ബ്രേക്ക് ഈവൻ ബിന്ദു, അടച്ചുപൂട്ടൽ ബിന്ദു, ഉൽപാദന യൂണിറ്റിന്റെ പ്രദാന വക്രം എന്നിവയെല്ലാം ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നു.

പ്രധാന ആശയങ്ങൾ

- ♦ പൂർണകിട മത്സര സവിശേഷതകൾ
- ♦ പൂർണ കിട മത്സരത്തിലെ ഉൽപാദന യൂണിറ്റിന്റെ ലാഭം പരമാവധിയാക്കൽ
- ♦ കമ്പോള പ്രധാന വക്രം
- ♦ അടച്ചുപൂട്ടൽ ബിന്ദുവും ലാഭനഷ്ട രഹിതബിന്ദുവും .

**പ്രവർത്തനം 1**

പൂർണകിടമത്സരകമ്പോളത്തിന്റെ സവിശേഷതകൾ കാണിക്കുന്ന പട്ടിക പൂർത്തികയാക്കുക.


- വളരെയധികം വിൽപ്പനക്കാർ
- 
- 
- 

**പ്രവർത്തനം 2**

വിലയെ (Price) ഉത്പന്നം (q) കൊണ്ട് ഗുണിച്ചാൽ കിട്ടുന്നതാണല്ലോ മൊത്തം വരുമാനം. മൊത്തം വരുമാനത്തെ (TR) ഉൽപന്ന എണ്ണം കൊണ്ട് ഹരിച്ചാൽ ശരാശരി വരുമാനം (AR) കാണാം. എങ്കിൽ താഴെ നൽകിയ സൂചനകൾ ഉപയോഗിച്ച് TR, AR, MR പട്ടിക തയാറാക്കുക. ഇവയുടെ ഗ്രാഫ് രൂപങ്ങൾ തയാറാക്കുക.

| Number (Q) | Price | TR | AR | MR |
|---|---|---|---|---|
| 1 | 10 | | | |
| 2 | 10 | | | |
| 3 | 10 | | | |
| 4 | 10 | | | |
| 5 | 10 | | | |
| 6 | 10 | | | |

**ഗ്രാഫ് വരക്കുക.**





**പ്രവർത്തനം 3**

പരിപൂർണ കിടമത്സര കമ്പോളത്തിൽ ലാഭം പരമാവധി ആക്കുന്നതിനുള്ള മൂന്ന് വ്യവസ്ഥകൾ കണ്ടെത്തി പൂരിപ്പിക്കുക.

1. MC= MR
2. ..........................................................................................
3. ........................................................................................

**പ്രവർത്തനം 4**

പരിപൂർണകിട മത്സര കമ്പോളത്തിൽ ലാഭം പരമാവധി ആക്കുന്നതിനുള്ള ഉല്പന്നനില നിർണയിക്കുന്ന ഡയഗ്രം നൽകിയിരിക്കുന്നു.



1 ചിത്രത്തിലെ കർവ്വ് (1) എന്തിനെ സൂചിപ്പിക്കുന്നു. ........................................

2. കർവ്വ് (2) ഏത് കർവ്വിനെ സൂചിപ്പിക്കുന്നു.

3. MC=MR -.എന്ന വ്യവസ്ഥ പാലിക്കപ്പെടുന്ന ഉല്പന്ന നിലകൾ

- ....................................................
- ....................................................

4. Q1എന്ന ഉല്പന്ന നിലയിൽ പാലിക്കപ്പെടുന്ന വ്യവസ്ഥകൾ.

- ....................................................
- ....................................................


**പ്രവർത്തനം 5**

**ചേരുംപടിച്ചേർക്കുക.**

| | |
|---|---|
| A. വില AVC വക്രത്തിന്റെ ഏറ്റവും താഴ്ന്ന ബിന്ദുവിനെക്കാൾ കുറയുന്ന അവസ്ഥ. | 1. ബ്രേക്ക് ഇവൻ പോയിന്റ് |
| B. മൊത്തം വരുമാനവും ( TR ) മൊത്തം ചലവും ( TC )തുല്യമാകുന്ന അവസ്ഥ | 2. അടച്ചുപൂട്ടൽ അവസ്ഥ |

**പ്രവർത്തനം 6**

പൂർണകിടമത്സരത്തിലെ ഉല്പാദക യൂണിറ്റിന്റെ പ്രദാന വക്രത്തെ കാണിക്കുന്ന ഗ്രാഫ് ചുവടെ നൽകിയിരിക്കുന്നു.



a) ഉല്പാദകയൂണിറ്റിന്റെ പ്രദാനവക്രം

b) ഏത് വിലയിൽ താഴെയാവുമ്പോഴാണ് ഉല്പാദനം 0 ആകുന്നത്.

c) വില OP1 ആവുമ്പോൾ പ്രദാനം ചെയ്യപ്പെടുന്നത് എത്ര യൂണിറ്റാണ്.

d) വില OP2 ആവുമ്പോൾ പ്രദാനം ചെയ്യപ്പെടുന്നത് എത്ര യൂണിറ്റാണ്.

**പ്രവർത്തനം 7**

ദീർഘകാലത്ത് പൂർണ്ണകിടമത്സത്തിലെ ഒരു ഉല്പാദകയൂണിറ്റിന്റെ സന്തുലിതാവസ്ഥയുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ നൽകിയിരിക്കുന്നു. പ്രസ്താവന ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക.

a) ദീർഘകാലയളവിൽ എല്ലാ ചെലവുകളും വിഭേദകങ്ങളാണ്.

b) ദീർഘകാലയളവിൽ ചില ഇനം ചെലവുകൾ വിഭേദകങ്ങളാണ്.


c) ദീർഘകാലയളവിൽ എല്ലാ ചെലവുകളും സ്ഥിരമാണ്.

d) ദീർഘകാലയളവിൽ ഒരു ഉല്പാദകയൂണിറ്റ് സാധാരണ ലാഭം നേടുന്നു.

e) ദീർഘകാലയളവിൽ ഒരു ഉല്പാദകയൂണിറ്റ് അസാധാരണ ലാഭം നേടുന്നു.

**പ്രവർത്തന 8**

പൂർണകിടമത്സരത്തിലെ ഉല്പാദകയൂണിറ്റിന്റെ ലാഭം പരമാവധിയാക്കൽ അവസ്ഥകളെ കാണിക്കുന്ന ഗ്രാഫ് ചുവടെ നൽകിയിരിക്കുന്നു.




A) മുകളിൽ നൽകിയിരിക്കുന്ന വക്രങ്ങൾ ഓരോന്നും എന്തിനെ പ്രതിനിധാനം ചെയ്യുന്നു എന്ന സൂചിപ്പിക്കുക.

A) ..............................................................................................

B) ..............................................................................................

C) ..............................................................................................

D) ..............................................................................................

B) ചുവടെ നൽകിയിരിക്കുന്നവയിൽ E എന്ന ബിന്ദു പ്രതിനിധാനം ചെയ്യുന്നവയ്ക്ക് നേരെ ✓ ചിഹ്നം മാർക്ക് ചെയ്യുക.

a) ശരാശരി വിഭേദകചെലവിന്റെ മിനിമം ബിന്ദു. ☐

b) അടച്ചുപൂട്ടൽ തലം ☐

c) P = AVC ☐

d) ഉല്പാദനയൂണിറ്റിന്റെ സന്തുലിതാവസ്ഥ ☐


e) MR = MC ☐


f) ഉല്പാദനയൂണിറ്റ് നഷ്ടം നേരിടുന്ന അവസ്ഥ ☐


**പ്രവർത്തനം 9**

ഒരു ഉല്പാദക യൂണിറ്റിന്റെ സന്തുലിതാവസ്ഥയുമായി ബന്ധപ്പെട്ട വിവിധ ആശയങ്ങൾ ബോക്സിൽ നൽകിയിരിക്കുന്നു. അനുയോജ്യമായ ഡയഗ്രങ്ങൾക്കുനേരെ രേഖപ്പെടുത്തുക.

| |
|---|
| ഹ്രസ്വകാല അടച്ചുപൂട്ടൽ തലം, ഹ്രസ്വകാല സാധാരണ ലാഭം അഥവാ ലാഭനഷ്ടരഹിത ബിന്ദു, ദീർഘകാല അടച്ചുപൂട്ടൽതലം |




A.................................. B.......................................... C..........................................


**പ്രവർത്തനം 10**

ഒരു ഉല്പാദക യൂണിറ്റിന്റെ പ്രദാന വക്രത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| |
|---|
| ♦ നിവേശങ്ങളുടെ വില<br>♦ .......................................<br>♦ ......................................... |

**പ്രവർത്തനം 11**

ഒരു ഉല്പാദകയൂണിറ്റിന്റെ പ്രദാനവക്രത്തിലുണ്ടാകുന്ന മാറ്റം ചുവടെയുള്ള ഡയഗ്രത്തിൽ തന്നിരിക്കുന്നു.




പ്രദാന വക്രം ഡയഗ്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ മാറുന്നതിന് കാരണമായേക്കാവുന്ന ഘടകങ്ങൾക്ക് നേരെ ശരിയോ തെറ്റോ എഴുതുക.

a) യൂണിറ്റ് നികുതി വർദ്ധിച്ചു. ☐


b) നിവേശങ്ങളുടെ വില കുറഞ്ഞു. ☐

c) സബ്സിഡി വർദ്ധിപ്പിച്ചു. ☐

d) നിവേശങ്ങളുടെ വില വർദ്ധിച്ചു. ☐

**പ്രവർത്തനം 12**

പ്രദാനത്തിന്റെ വില ഇലാസ്തികത ജ്യാമിതീയ രീതിയിൽ കണക്കാക്കുന്നതിന്റെ രേഖാചിത്രം ചുവടെ നൽകിയിരിക്കുന്നു.




പട്ടിക A യിൽ നൽകിയിരിക്കുന്നതുപോലെ പട്ടിക B, C എന്നിവ പൂർത്തിയാക്കുക.

| (a) | (b) | (c) |
|---|---|---|
| ♦ $eS = \frac{qm}{q0}$ | ♦ $eS =$ | ♦ $eS =$ |
| ♦ $eS > 1$ | ♦ ..................................... | ♦ ..................................... |
| ♦ ഇലാസ്തികത പ്രദാനം | ♦ ..................................... | ♦ ..................................... |

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. പൂർണ്ണ കിടമത്സരത്തിലെ സന്തുലിതാവസ്ഥയുടെ വ്യവസ്ഥകൾ അല്ലാത്തത്

   a. MC = MR
   b. Slope of MC positive
   c $P \geq AVC$
   d. MC > MR

2 പൂർണ്ണ കിടമത്സരത്തിലെ ഒരു ഉൽപാദന യൂണിറ്റിന്റെ പ്രദാന വക്രം

   a. AVC ക്ക് മുകളിലുള്ള MC യുടെ ഭാഗം
   b. AVC ക്ക് താഴെയുള്ള MC യുടെ ഭാഗം
   c. സീമാന്ത ചലവ് വക്രം
   d. ശരാശരി ചലവ് വക്രം

3. പൂർണ്ണ കിടമത്സരത്തിന്റെ സവിശേഷതയല്ലാത്തത് ഏത് ?
   a. ധാരാളം വാങ്ങുന്നവരും വിൽക്കുന്നവരും
   b. ഒരേ ഒരു വില്പനക്കാരൻ
   c. സ്വതന്ത്രമായി കടന്നുവരാനും വിട്ടുപോകാനും കഴിയും
   d. വില നിർണയിക്കുന്നത് കമ്പോളം

4. പൂർണകിടമത്സരത്തിലെ പ്രദാനവക്രം താഴെപറയുന്നതിൽ ഏതാണ്?
   a. AVC ക്ക് മുകളിലുള്ള MC യുടെ ഭാഗം
   b. AC വക്രം
   c. മിനിമത്തിൽ നിന്ന് ഉയർന്ന് പോവുന്ന AVC
   d. ഇവയെല്ലാം.

5. പൂർണ്ണ കിടമത്സര കമ്പോളത്തിന്റെ സവിശേഷതകൾ ലിസ്റ്റ് ചെയ്യുക.
6. പൂർണ്ണ കിടമത്സര കമ്പോളത്തിലെ ഉൽപാദന യൂണിറ്റിന്റെ സന്തുലിതാവസ്ഥ ഡയഗ്രത്തിന്റെ സഹായത്തോടെ വ്യക്തമാക്കുക.
7. ഒരു ഉൽപാദന യൂണിറ്റിന്റെ പ്രദാന വക്രത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ലിസ്റ്റ് ചെയ്യുക.

**ഉത്തര സൂചിക**

**പ്രവർത്തനം 1**
- ♦ പ്രവേശന പുറത്ത് പോകൽ സ്വാതന്ത്ര്യം
- ♦ ഏകമാന ഉല്പന്നങ്ങൾ
- ♦ ഉല്പാദക യൂണിറ്റ് വില സ്വീകർത്താവ്

**പ്രവർത്തനം 2**

- ♦ TR : - 10, 20, 30, 40, 50, 60
- ♦ AR : -10, 10, 10, 10, 10, 10
- ♦ MR : -10, 10, 10, 10, 10, 10

**പ്രവർത്തനം 3**

2. സീമാന്ത ചെലവിന്റെ ചരിവ് പോസിറ്റീവ് ആയിരിക്കും.
3. ഹ്രസ്വകാലയളവിൽ $P \geq AVC$ ദീർഘകാലയളവിൽ $P \geq LRAC$ ആയിരിക്കും.

**പ്രവർത്തനം 4**

1. MC
2. MR
3. Oq, Oq1
4. MR = MC. MC യുടെ ചരിവ് പോസിറ്റീവ് ആയിരിക്കും.

**പ്രവർത്തനം 5**

A. 2. അടച്ചുപൂട്ടൽ അവസ്ഥ
B. 1. ബ്രേക്ക് ഇവൻ

**പ്രവർത്തനം 6**

a) AB b) OP c) $Oq_1$ d) $Oq_2$

**പ്രവർത്തനം 7**

a) , d) - ശരി
b) , c) , e) - തെറ്റ്

**പ്രവർത്തനം 8**

A) a) MC
b) AC
c) AVC
d) MR

B) a, b, c, d, e, f - ശരി

**പ്രവർത്തനം 9**

A) ദീർഘകാല അടച്ചുപൂട്ടൽ കാലം
B) ഹ്രസ്വകാര അടച്ചുപൂട്ടൽ കാലം
C) ഹ്രസ്വകാല സാധാരണ ലാഭം അഥവാ ലാഭനഷ്ടരഹിത ബിന്ദു.

**പ്രവർത്തനം 10**

A) സാങ്കേതികവിദ്യ, യൂണിറ്റ് നികുതി, സബ്സിഡി

**പ്രവർത്തനം 11**

A) ശരി B) തെറ്റ് C) തെറ്റ് D) ശരി

**പ്രവർത്തനം 12**

B) $eS = \frac{Oq}{Oq}$ = 1 = യൂണിറ്ററി ഇലാസ്റ്റിക് സപ്ലൈ

C) $eS = \frac{Mq}{Oq}$ = <1 = ഇലാസ്തികത കുറഞ്ഞ പ്രദാനം

# അധ്യായം 5
# കമ്പോള സന്തുലിതാവസ്ഥ

പൂർണകിടമത്സര കമ്പോളത്തിൽ സന്തുലിതാവസ്ഥ എന്നത് ചോദനവും പ്രദാനവും തുല്യമാവുന്ന അവസ്ഥയാണ്. കമ്പോള സന്തുലിതാവസ്ഥ എന്തെന്നും ഡയഗ്രത്തിന്റെയും സമവാക്യങ്ങളുടേയും സഹായത്തോടെ എങ്ങനെയാണ് കമ്പോള സന്തുലിതാവസ്ഥ നിർണയിക്കപ്പെടുന്നതെന്നും ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

ഉൽപാദന യൂണിറ്റുകളുടെ എണ്ണം സ്ഥിരമായിരിക്കുമ്പോഴും ഉൽപാദന യൂണിറ്റുകൾക്ക് പ്രവേശന, പുറത്തുപോകൽ സ്വാതന്ത്ര്യമുള്ളപ്പോഴും സന്തുലിതാവസ്ഥ നിർണ്ണയിക്കപ്പെടുന്ന വിധം സന്തുലിതാവസ്ഥയിൽ ഉണ്ടാവുന്ന മാറ്റം, കമ്പോള സന്തുലിതാവസ്ഥയുടെ പ്രായോഗിക വശങ്ങൾ എന്നിവയും ഈ അധ്യായം ചർച്ച ചെയ്യുന്നു.

**പ്രധാന ആശയങ്ങൾ**

- തൊഴിൽ കമ്പോളം
- ചോദന പ്രദാനമാറ്റങ്ങൾ
- സ്വതന്ത്ര കമ്പോള ഇടപെടൽ
- വിലപരിധി, താങ്ങുവില

**പ്രവർത്തനം 1**

കമ്പോള ചോദനം, കമ്പോള പ്രദാനം, വില എന്നിവ നൽകിയിരിക്കുന്നു. A മുതൽ B വരെയുള്ള അവസ്ഥകളിൽ സന്തുലിതാവസ്ഥ, അമിത പ്രദാനം, അമിത ചോദനം എന്നിവയിൽ ഏതെന്ന് രേഖപ്പെടുത്തുക.

| | Price | Demand | Supply | സന്തുലിതാവസ്ഥ/ അമിത പ്രദാനം/അമിത ചോദനം |
|---|---|---|---|---|
| A | 10 | 60 | 20 | |
| B | 20 | 50 | 30 | |
| C | 30 | 40 | 40 | |
| D | 40 | 30 | 50 | |
| E | 50 | 20 | 60 | |

F. ചോദനവും പ്രദാനവും തുലമാകുന്ന വില
(ഇത് കമ്പോള വില എന്നും അറിയപ്പെടുന്നു)

G. സന്തുലിത അളവ്

**പ്രവർത്തനം 2**

ചോദനവും പ്രദാനവും തുല്യമാകുന്ന അവസ്ഥയാണ് സന്തുലിതാവസ്ഥ. ചുവടെ നൽകിയിരിക്കുന്ന അസന്തുലിതാവസ്ഥകൾ അറിയപ്പെടുന്നത്

A. ചോദനം പ്രദാനത്തേക്കാൾ അധികമാവുന്നു.


B. പ്രദാനം ചോദനത്തേക്കാൾ അധികമാവുന്നു.

A.

B.

**പ്രവർത്തനം 3**

താഴെ കാണുന്ന ഡയഗ്രത്തിൽ നിന്നും സന്തുലിതാവസ്ഥ അധിക പ്രദാനം അധിക ചോദനം തിരിച്ചറിയുക.




- A..........................................
- B..........................................
- C..........................................

**പ്രവർത്തനം 4**

കേരളത്തിന്റെ തൊഴിൽ ഘടനയിൽ അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന കാര്യം നമുക്ക് അറിയാമല്ലോ.

ഒരു സമ്പദ്വ്യവസ്ഥയിൽ തൊഴിൽ ലഭ്യത മാറുന്നതിനനുസരിച്ച് വേതനത്തിലും മാറ്റം വരുമെന്ന് നിങ്ങൾക്കറിയാമോ? താഴെ കാണുന്ന സാധ്യതകളിൽ വേതനം വർദ്ധിക്കുമോ? കുറയുമോ? മാറ്റമില്ലാതെ നിലവിലെ സ്ഥിതി തുടരുമോ എന്ന് പ്രസ്താവിക്കുക.

| സാധ്യതകൾ | വേതനം |
|---|---|
| തെങ്ങു കയറ്റതൊഴിലിന് തൊഴിലാളികൾ ലഭ്യമല്ല | |
| സൂപ്പർ മാർക്കറ്റിലെ ജോലിക്ക് ധാരാളം തൊഴിലാളികൾ ലഭ്യമാണ്. | |
| പച്ചക്കറി കടയിലെ ജോലിക്ക് ആവശ്യത്തിനുള്ള തൊഴിലാളികൾ ലഭ്യമാണ്. | |


**പ്രവർത്തനം 5**


ചുവടെ കൊടുത്തിരിക്കുന്ന ഡയഗ്രങ്ങൾക്ക് യോജിച്ച പ്രസ്ഥാവനകൾ കൊടുക്കുക.


1. പ്രദാനവും ചോദനവും വർദ്ധിച്ചു. വിലയ്ക്ക് മാറ്റമില്ല.

2. ചോദനം വർദ്ധിച്ചു. പ്രദാനം മാറ്റമില്ല. വില വർദ്ധിച്ചു

3. പ്രദാനം വർദ്ധിച്ചു. ചോദനമാറ്റമില്ല. വിലകുറഞ്ഞു.









**പ്രവർത്തനം 6**

ഓണക്കാലത്ത് പഴങ്ങൾക്കും പച്ചക്കറികൾക്കും വില ഏറുന്നു. ചുവടെ നൽകിയിരിക്കുന്ന ഡയഗ്രങ്ങളിൽ നിന്നും ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഡയഗ്രത്തിന് നേരെ ✓ മാർക്ക് രേഖപ്പെടുത്തുക.

(A)




(B)




**പ്രവർത്തനം 7**


താഴെ പറയുന്ന സന്ദർഭങ്ങളിൽ കമ്പോള വിലയിൽ എന്ത് മാറ്റങ്ങൾ ഉണ്ടാവും എന്നു പ്രസ്താവിക്കുക.

| സന്ദർഭങ്ങൾ | കമ്പോള വില |
|---|---|
| 1. ചോദനം വർദ്ധിച്ചു. പ്രദാനവും വർധിച്ചു. | |
| 2. ചോദനം കുറഞ്ഞു. പ്രദാനം വർധിച്ചു. | |
| 3. ചോദനവും പ്രദാനവും തുല്യമായി വർധിച്ചു. | |
| 4. ചോദനം വർധിച്ചു. പ്രദാനം കുറഞ്ഞു. | |

**പ്രവർത്തനം 8**

വില നിയന്ത്രണവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തുന്ന രണ്ട് ഇടപെടലുകൾ ഗ്രാഫിൽ നൽകിയിരിക്കുന്നു. ഇവ തിരിച്ചറിയുക.



| | | | |
|---|---|---|---|
| | | A1. | |
| B. | സന്തുലിതവില | B1. | സന്തുലിതവില |
| C. | b-a എന്തിനെ സൂചിപ്പിക്കുന്നു? | C1. | b-a എന്തിനെ സൂചിപ്പിക്കുന്നു? |
| D. | ഈ ഇടപെടൽ ലക്ഷ്യം വക്കുന്നതാരെ? | D1. | ഇത്തരം ഇടപെടൽ ലക്ഷ്യം വെക്കുന്നതാരെ? |
| E. | ഇത്തരം ഇടപെടലിന്റെ അനന്തരഫലങ്ങൾ ലിസ്റ്റ് ചെയ്യുക.<br>•<br>• | E1. | ഇത്തരം ഇടപെടലിന്റെ അനന്തരഫലങ്ങൾ ലിസ്റ്റ് ചെയ്യുക.<br>•<br>• |
| F. | ഇത് പരിഹരിക്കാനുള്ള മാർഗം | F1. | ഇത് പരിഹരിക്കാനുള്ള മാർഗം. |

**വിലയിരുത്തൽ ചോദ്യങ്ങൾ**

ഒറ്റവാക്കിൽ ഉത്തരമെഴുതുക

1) ചോദനവും പ്രദാനവും ചേർന്ന് തീരുമാനിക്കുന്ന വില
   a. താങ്ങുവില
   b കമ്പോളവില
   c സംന്തുലിതവില
   d അധികവില

2) ഒരു വസ്തുവിന്റെ പ്രദാനത്തിന് മാറ്റം വരാതെ ചോദനം മാത്രം വർദ്ധിച്ചാൽ വിലയ്ക്ക് എന്തു സംഭവിക്കും
   a. കുറയും
   b കൂടും
   c മാറ്റമില്ല
   d കൂടുകയും കുറയുകയും ചെയ്യാം

3) അവശ്യവസ്തുക്കളുടെ വിലക്കയറ്റത്തിൽ ഗവൺമെന്റ് ഇടപെട്ട് തീരുമാനിക്കുന്ന വില
   a താങ്ങുവില
   b വിലപരിധി
   c കമ്പോളവില
   d നിയന്ത്രിത രീതി

4) കാർഷിക വസ്തുക്കളുടെ വിലത്തകർച്ച തടയാൻ കമ്പോളത്തിൽ ഇടപെട്ട് വില ഉയർത്തുന്ന രീതി
   a വിലക്കയറ്റം
   b സംരക്ഷിതവില
   c തറവില
   d വിലപരിധി

**ഉത്തരസൂചിക**

**പ്രവർത്തനം 1**

A, B - അമിത ചോദനം
C - സന്തുലിതാവസ്ഥ
D,E - അമിത പ്രദാനം
F = 40, G = 40

**പ്രവർത്തനം 2**

a അധിക ചോദനം
b അധിക പ്രദാനം

**പ്രവർത്തനം 3**

a സന്തുലിതാവസ്ഥ
b അധിക ചോദനം
c അധിക പ്രദാനം

**പ്രവർത്തന 4**

a വർദ്ധിക്കും
b കുറയും
c മാറ്റമില്ല

**പ്രവർത്തനം 5**

a ചോദനം വർദ്ധിച്ചു, വില വർദ്ധിച്ചു.
b പ്രദാനം വർദ്ധിച്ചു വില കുറഞ്ഞു
c പ്രദാനം വർദ്ധിച്ചു ചോദനം വർദ്ധിച്ചു, വില മാറ്റമില്ല

**പ്രവർത്തനം 6**

A

**പ്രവർത്തനം 7**

1. വില വർദ്ധിക്കാം, കുറയാം, മാറ്റമില്ലാതെ തുടരാം
2. വില കുറഞ്ഞു
3. വില മാറ്റമില്ല
4. വില വർദ്ധിക്കാം, കുറയാം, മാറ്റമില്ലാതെ തുടരാം

**പ്രവർത്തന 8**

A താങ്ങുവില

$A_1$ വില പരിധി

B, $B_1$ സന്തുലിത വില OP

C അധിക പ്രദാനം

$C_1$ അധിക ചോദനം

D കർഷകരെ

$D_1$ ഉപഭോക്താക്കളെ

E വില വർദ്ധിക്കും, കർഷകർക്ക് ലാഭം ലഭിക്കും

$E_1$വില കുറയും ഉപഭോക്താക്കൾക്ക് ആശ്വാസം

F സംഭരണം

$F_1$ റേഷൻ സംവിധാനം

# അധ്യായം 6

# മത്സര ഇതര വിപണികൾ

*ആമുഖം*

വിപണികളിൽ പൂർണ്ണകിടമത്സര വിപണികളും അപൂർണ്ണ കിടമത്സര വിപണികളുമുണ്ട്. അപൂർണ കിടമത്സര വിപണികളിൽ കുത്തക, കുത്തക മത്സരം, അല്പാധീശത്വം എന്നിവ ഉൾപ്പെടുന്നു. കുത്തക വിപണിയിലെ മൊത്തം വരുമാനം, ശരാശരി വരുമാനം, സീമാന്ത വരുമാനം, ഇവയെ കാണിക്കുന്ന ഗ്രാഫുകൾ, കുത്തകയിലെ സന്തുലിതാവസ്ഥ എന്നിവ ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

പൂർണ്ണകിടമത്സരത്തെ അപേക്ഷിച്ച് കുത്തകയിൽ വില കൂടുതലും ഉൽപാദനം കുറവുമായിരിക്കും. കുത്തകയും പൂർണ്ണകിടമത്സരവും തമ്മിലുള്ള താരതമ്യം, കുത്തകമത്സരത്തിന്റെ സവിശേഷതകൾ അല്പാധീശത്വ വിപണിയിൽ ഉൽപാദകർ പെരുമാറുന്ന വിവധ രീതികൾ എന്നിവയും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

പ്രധാന ആശയങ്ങൾ

- കുത്തക വിപണി പ്രത്യേകതകൾ
- വരുമാന ചെലവ് ആശയങ്ങൾ
- കമ്പോള താരതമ്യങ്ങൾ
- ഒളിഗോപൊളി വിപണി .

**പ്രവർത്തനം 1**

താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ കമ്പോളം ഏതെന്ന് തിരിച്ചറിയുക?

A
കുറച്ച് ഉൽപാദകർ നിയന്ത്രിക്കുന്ന വിപണി

B
ഒരുഉൽപാദകൻ മാത്രം നിയന്ത്രിക്കുന്ന വിപണി

C
കുറച്ചധികം ഉൽപാദകർ നിയന്ത്രിക്കുന്ന വിപണി

A........................................

B............................

C............................


**പ്രവർത്തനം 2**

ചുവടെ നൽകിയിരിക്കുന്ന കമ്പോള ഉദാഹരണങ്ങൾ അവ ഏത് തരം വിപണിയെയാണ് സൂചിപ്പിക്കുന്നതെന്ന് കണ്ടെത്താമോ ?

| (A) | (B) | (C) |
|---|---|---|
| A. ഇലക്ട്രിസിറ്റി ബോർഡ്<br>B. ഇന്ത്യൻ റയിൽവേ | A. ടൂത്ത് പേസ്റ്റ്<br>B. സോപ്പ് | A. കാർ നിർമ്മാതാക്കൾ<br>B. മൊബൈൽ ഫോൺ കമ്പനികൾ |
| ............................വിപണി | ............................വിപണി | ............................വിപണി |

**പ്രവർത്തനം 3**

ഒരു കുത്തക വിപണിയുടെ ചോദന വക്രമാണ് താഴെ നൽകിയിരിക്കുന്നുത്. ഈ ഡയഗ്രത്തിൽ നിന്നും എത്തിച്ചേരാൻ കഴിയുന്ന നിഗമനങ്ങൾ താഴെ പറയാമോ?




നിഗമനങ്ങൾ

1.........................................................

2.......................................................

**പ്രവർത്തനം 4**

താഴെ നൽകിയിരിക്കുന്ന പട്ടികയിൽ നിന്നും TR, AR, MR, എന്നിവ കണ്ടെത്തുക

| Q | P | TR | AR | MR |
|---|---|---|---|---|
| 1 | 12 | | | |
| 2 | 11 | | | |
| 3 | 10 | | | |
| 4 | 9 | | | |
| 5 | 8 | | | |
| 6 | 7 | | | |
| 7 | 6 | | | |
| 8 | 5 | | | |
| 9 | 4 | | | |
| 10 | 3 | | | |

ഈ പട്ടികയുടെ അടിസ്ഥാനത്തിൽ TR, AR, MR, ഡയഗ്രം വരക്കാമോ?

**പ്രവർത്തനം 5**


**ചേരുംപടി ചേർക്കുക.**

TR, MR തമ്മിലുള്ള ബന്ധങ്ങൾ സൂചിപ്പിക്കുന്നരീതിയിൽ യോജിപ്പിക്കുക.

| TR | MR, |
|---|---|
| 1. TR വർദ്ധിക്കുന്നു. | A. MR പൂജ്യം |
| 2. TR പരമാവധി | B. MR നെഗറ്റീവ് |
| 3. TR താഴുന്നു | C. MR പോസിറ്റീവ് |

**പ്രവർത്തനം 6**

താഴെ നൽകിയിക്കുന്ന കുത്തകവിപണിയുടെ ഡയഗ്രം വിശകലം ചെയ്ത് അനുബന്ധമായി വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




ചോദ്യങ്ങൾ


1) TR ,TC എന്നിവ തമ്മിലുള്ള വ്യത്യാസമാണ് [ ]

2) ലാഭം പരമാവധി എത്തുമ്പോൾ ഉള്ള ഉൽപന്ന നില [ ]

3) TR ,TC തുല്യമാവുന്ന രണ്ട് ഉൽപന്ന നിലകൾ ഏതെല്ലാം? [ ]

**പ്രവർത്തനം 7**

താഴെ നൽകിയിരിക്കുന്ന വൃത്തങ്ങളിൽ നിന്നും ചെലവ് ആശയങ്ങളും വരുമാന ആശയങ്ങളും വേർതിരിച്ചെഴുതുക.




| ചെലവ് ആശയങ്ങൾ | വരുമാനആശയങ്ങൾ |
|---|---|
| • | • |
| • | • |
| • | • |


**പ്രവർത്തനം 8**

**പൂരിപ്പിക്കുക.**

| | സൂത്രവാക്യം | ആശയം |
|---|---|---|
| A. | $\frac{TC}{Q}$ | |
| B. | AC X Q | |
| C. | AR X Q | |
| D. | $\frac{\Delta TR}{\Delta Q}$ | |
| E. | $\frac{\Delta TC}{\Delta Q}$ | |

**പ്രവർത്തനം 9**

ഒരു കുത്തക വിപണിയിലെ സന്തുലിതാവസ്ഥയെ കാണിക്കുന്ന ഡയഗ്രം ചുവടെ നൽകിയിരിക്കുന്നു. സന്തുലിത വില, സന്തുലിത ഉല്പന്നം, മൊത്ത വരുമാനം, മൊത്ത ചെലവ്, ലാഭം എന്നിവ കണക്കാക്കുക.




1. സന്തുലിത ഉൽപന്നം
2. സന്തുലിത വില
3. മൊത്ത വരുമാനം
4. മൊത്തം ചെലവ്
5. ലാഭം

**പ്രവർത്തന 10**

താഴെപറയുന്ന പ്രസ്താവനകൾ ഏത് വിപണിക്ക് ചേർന്നതാണെന്ന് അടയാളപ്പെടുത്തുക.

| സൂചകങ്ങൾ | കുത്തക/ പൂർണ്ണകിടമത്സരം |
|---|---|
| 1. അനേകം പ്രതിസ്ഥാപന വസ്തുക്കൾ | |
| 2. പ്രവേശന പുറത്തുപോകൽ സ്വാതന്ത്ര്യം | |
| 3. പ്രതിസ്ഥാപന വസ്തുക്കളുടെ അഭാവം | |
| 4. വിലസ്വീകർത്താവ് | |
| 5. കുടുതൽ ഉല്പാദകർ | |
| 6. കൃത്രിമക്ഷാമം | |

പ്രവർത്തനം 11

A. കുത്തകമത്സര വിപണിയുടെ സവിശേഷതകളെ കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

- താഴേക്ക് ചരിഞ്ഞ ചോദന വക്രം
- ..........................................................................
- ..........................................................................
- ..............................................................................

B. ഒരു അല്പാധീശ്വത്വ വിപണിയിൽ ഉൽപാദകർ പെരുമാറാൻ സാധ്യതയുള്ള രീതികൾ ലിസ്റ്റ് ചെയ്യുക.

- രഹസ്യധാരണകൾ ഉണ്ടാക്കി ലാഭം പരമാവധിയാക്കുന്നു.
- ...................................................................................................................
- ...................................................................................................................

**വിലയിരുത്തൽ ചോദ്യങ്ങൾ**

1) താഴെ പറയുന്നവയിൽ ഒരു കമ്പോള വ്യവസ്ഥയിലും ഉൾപ്പെടാത്തത്.

a. കുത്തക വിപണി
b. വൈവിധ്യ വിപണി
c. കിടമത്സര വിപണി
d. കുത്തകാധിഷ്ഠിത മത്സര വിപണി

2) മൊത്തം വരുമാനം (TR) മൊത്തം ചെലവും (TC) തമ്മിലുള്ള അന്തരം പോസിറ്റീവ് ആണെങ്കിൽ.

a. നഷ്ടം
b. സന്തുലിതാവസ്ഥ
c. അസന്തുലിതാവസ്ഥ
d. ലാഭം

3) മൊത്തം വരുമാനം (TR) പരമാവധി എത്തുമ്പോൾ സീമാന്ത വരുമാനം MR?

a.പോസ്റ്റീവ്
b.നെഗറ്റീവ്
c. പൂജ്യം
d. ഇവയൊന്നുമല്ല.

4) കുറച്ച് ഉൽപാദകർ നിയന്ത്രിക്കുന്ന വിപണിയാണ് ..............................

a. കുത്തക
b. മത്സരാധിഷ്ഠിത വിപണി
c. ഒലിഗോപൊളി
d. കുത്തകാധിഷ്ഠിത മത്സര വിപണി

**ഉത്തര സൂചിക**

പ്രവർത്തനം 1
a. ഒലിഗോപൊളി
b. കുത്തക വിപണി
c. കുത്തകാധിഷ്ഠിത മത്സര വിപണി

പ്രവർത്തനം 2
a. കുത്തക
b. കുത്തകാധിഷ്ഠിത മത്സര വിപണി
c. ഒലിഗോപൊളി

പ്രവർത്തനം 3
1. വില ഉയർന്നിരിക്കുമ്പോൾ ചോദനം കുറവാണ്
2. ചോദന വക്രം ഇടത്തു നിന്ന് വലത്തോട്ടു താഴുന്നു

പ്രവർത്തനം 4

$$TR = P \times Q \ , \quad AR = \frac{TR}{Q} \ , \quad MR = \frac{\Delta TR}{Q}$$

പ്രവർത്തനം 5
1. C, 2. A, 3. B

പ്രവർത്തനം 6
1. ലാഭം 2. OQ0, 3. $OQ_2$ & $OQ_3$

പ്രവർത്തനം 7

| ചെലവ് ആശയങ്ങൾ | വരുമാന ആശയങ്ങൾ |
|---|---|
| TC, AC, MC | TR, MR, AR |

പ്രവർത്തനം 8
a) AC, b) TC, c) TR, d) MR, e) MC

പ്രവർത്തനം 9
A. $oq_o$
B . ob
C . $obaq_o$
D $ocbq_o$
E cbad

**പ്രവത്തന 10**
1. പൂർണ്ണകിടമത്സരം
2. പൂർണ്ണകിടമത്സരം
3. കുത്തക
4. പൂർണ്ണകിടമത്സരം
5. പൂർണ്ണകിടമത്സരം
6. കുത്തക

**പ്രവർത്തനം 11**
A) സീമാന്ത ഉല്പാദന വരവും സീമാന്ത ഉൽപാദന ചെലവും തുല്യമാവുന്ന സന്തുലിതാവസ്ഥ.
ബദൽ വസ്തുക്കൾ ലഭ്യമാണ്.
സമ്പൂർണ്ണ മത്സരത്തെ അപേക്ഷിച്ച് വില കൂടുതലും ഉൽപന്നം കുറവുമാണ്.
B) പസ്പരം ഒന്നിച്ച് ലാഭം വർദ്ധിപ്പിക്കാൻ നോക്കുന്നു.
വില = സീമാന്ത ചെലവ് എന്ന അവസ്ഥയിലുള്ള ഉൽപാദന അളവ് നില നിർത്തി പ്രവർത്തിക്കുന്നു.

# അധ്യായം 7
# സ്ഥൂല സാമ്പത്തികശാസ്ത്രം

**ആമുഖം**

ഒരു സമ്പദ് വ്യവസ്ഥയെ മൊത്തത്തിൽ സ്വാധീനിക്കുന്ന ചരങ്ങളെ കുറിച്ചുള്ള പഠനമാണ് സ്ഥൂല സാമ്പത്തിക ശാസ്ത്രം. സമ്പദ് വ്യവസ്ഥ വിവിധ മേഖലകൾ തമ്മിലുള്ള പരസ്പര ബന്ധമാണ് സ്ഥൂല സാമ്പത്തികശാസ്ത്രത്തിന്റെ പ്രധാന ഇതിവൃത്തം.

1930 കളിലെ വൻ സാമ്പത്തിക മാന്ദ്യം, സ്ഥൂല സാമ്പത്തികശാസ്ത്രത്തിന്റെ ആവിർഭാവം, സ്ഥൂല സാമ്പത്തികശാസ്ത്രത്തിലെ തീരുമാനങ്ങൾ എടുക്കുന്നതാരൊക്കെ, സ്ഥൂല സാമ്പത്തികശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ സമ്പദ് വ്യവസ്ഥയുടെ 4 മേഖലകൾ എന്നിവയെല്ലാം ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

പ്രധാന ആശയങ്ങൾ

- സ്ഥൂല സാമ്പത്തികശാസ്ത്രത്തിന്റെ ആവിർഭാവം
- സമ്പദ് വ്യവസ്ഥയുടെ 4 മേഖലകൾ

**പ്രവർത്തനം 1**

ചുവടെ തന്നിരിക്കുന്ന ഗ്രന്ഥങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട വർഷങ്ങൾ രേഖപ്പെടുത്തുക.

സൂചന (1936, 1776, 1929, 1991)

| | |
|---|---|
| a) ജനറൽ തിയറി ഓഫ് എംപ്ലോയ്മെൻറ് ഇന്ററസ്റ്റ് ആന്റ് മണി | |
| b) ആൻ എൻക്വയറി ഇൻ ടു ദ നേച്ചർ ആന്റ് കോസസ് ഓഫ് വെൽത്ത് ഓഫ് നേഷൻസ് | |
| c) വൻ സാമ്പത്തിക മാന്ദ്യം | |


**പ്രവർത്തനം 2**

വൻ സാമ്പത്തിക മാന്ദ്യത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

- യൂറോപ്പിലും അമേരിക്കയിലും ഉൽപാദനവും തൊഴിലും ഗണ്യമായി കുറഞ്ഞു.
- ..............................................................................................................................
- ..............................................................................................................................

പ്രവർത്തനം 3

സമ്പദ് വ്യവസ്ഥയുടെ നാല് മേഖലകളെ കാണിക്കുന്ന ചാർട്ട് പൂരിപ്പിക്കുക.



**പ്രവർത്തനം 4**

തന്നിരിക്കുന്ന ചരങ്ങളെ സൂക്ഷ്മ സാമ്പത്തിക ചരങ്ങളെന്നും സ്ഥൂല സാമ്പത്തിക ചരങ്ങളെന്നും പട്ടിക പെടുത്തുക.

ദേശീയ വരുമാനം, വിലനിർണ്ണയം, പണപ്രദാനം, പൊതുബജറ്റ്, വ്യക്തിഗത ചോദനം, പണപ്പെരുപ്പം

| സൂക്ഷ്മ സാമ്പത്തികം | സ്ഥൂല സാമ്പത്തികം |
|---|---|
| ♦ | ♦ |
| ♦ | ♦ |
| ♦ | ♦ |
| ♦ | ♦ |

**പ്രവർത്തനം 5**

സമ്പദ് വ്യവസ്ഥയിലെ നാല് മേഖലകൾ ചുവടെ തന്നിരിക്കുന്നു. അവ സമ്പദ് വ്യവസ്ഥയിൽ നിർവ്വഹിക്കുന്ന ധർമ്മങ്ങൾ ചേർത്ത് പട്ടിക പൂരിപ്പിക്കുക.

സൂചന: കയറ്റുമതി, ഇറക്കുമതി, ഉപഭോഗം, നിക്ഷേപം, പൊതുചെലവും നികുതിയും

| മേഖല | ധർമം |
|---|---|
| a. ഗാർഹികമേഖല | ♦ ........................................................ |
| b.സ്ഥപനങ്ങൾ | ♦ ........................................................ |
| c.ഗവൺമെന്റ് | ♦ ........................................................ |
| d.ബാഹ്യമേഖല | ♦ ........................................................ |

**പ്രവർത്തനം 6**

ഇന്ത്യയിൽ സ്ഥൂല സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നത് ആരെല്ലാമാണെന്ന് സൂചിപ്പിക്കുന്ന ചാർട്ട് പൂരിപ്പിക്കുക.


a. ........................................

b. ........................................

c .SEBI (സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ)

**പ്രവർത്തനം 7**

ഉല്പാദന ഘടകങ്ങളും അവയുടെ പ്രതിഫലങ്ങളും സൂചിപ്പിക്കുന്ന ആരോ ഡയഗ്രം പൂർത്തിയാക്കുക.




**വിലയിരുത്തൽ ചോദ്യങ്ങൾ**

1. സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്നത് ആര് ?

   a) ആഡംസ്മിത്ത്

   b) ജെ.എം കെയ്ൻസ്

   c) ആൽഫ്രഡ് മാർഷൽ

   d) പോൾ സാമുവൽസൺ

2) മാക്രോ ഇക്കണോമിക്സിന്റെ ആവിർഭാവത്തിന് കാരണമായ കെയിൻസിന്റെ ഗ്രന്ഥത്തിന്റെ പേര്?

   a) ജനറൽ തിയറി ഓഫ് എംപ്ലോയ്മന്റ് ഇന്ററസ്റ്റ് ആന്റ് മണി

   b) വെൽത്ത് ഓഫ് നേഷൻസ്

   c) പ്രിൻസിപ്പിൾസ് ഓഫ് ഇക്കണോമിക്സ്

   d) ഇവ ഒന്നുമല്ല.

3) സ്ഥൂല സാമ്പത്തിക ശാസ്ത്ര കാഴ്ചപ്പാടിൽ സമ്പത്ത് വ്യവസ്ഥയിലെ 4 മേഖലകളുടെ പേര് എഴുതുക.

4) ലോക സാമ്പത്തിക മാന്ദ്യത്തിന്റെ സവിശേഷതകൾ ലിസ്റ്റ് ചെയ്യുക.

5) മുതലാളിത്ത സമ്പദ്ഘടനയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം

**ഉത്തര സൂചിക**

**പ്രവർത്തനം 1**

a. 1936
b. 1776
c. 1929

**പ്രവർത്തനം 2**

- കമ്പോള ചോദനം കുറഞ്ഞു
- തൊഴിലില്ലായ്മ വ്യാപിച്ചു
- ദാരിദ്ര്യം വ്യാപിച്ചു.
- തൊഴിലില്ലായ്മ 25% ആയി ഉയർന്നു.

**പ്രവർത്തനം 3**

a. ഗാർഹികമേഖല
b. ഗവൺമെന്റ്
c . ബാഹ്യമേഖല

**പ്രവർത്തനം 4**

- ♦ സൂക്ഷ്മ സാമ്പത്തികം : വിലനിർണ്ണയം, വ്യക്തിഗത ചോദനം
- ♦ സ്ഥൂല സാമ്പത്തികം : ദേശീയ വരുമാനം, പണപ്രദാനം ,പൊതു ബജറ്റ്, പണപ്പെരുപ്പം

**പ്രവർത്തനം 5**

a . ഉപഭോഗം
b. നിക്ഷേപം
c. പൊതു ചെലവും നികുതിയും
d. കയറ്റുമതി ഇറക്കുമതി

**പ്രവർത്തനം 6**

a . ഗവൺമെന്റ്
b . റിസർവ്വ ബാങ്ക് ഓഫ് ഇന്ത്യ (RBI)

**പ്രവർത്തനം 7**

| | | |
|---|---|---|
| ഭൂമി | - | പാട്ടം |
| തൊഴിൽ | - | കൂലി |
| മൂലധനം | - | പലിശ |
| സംരഭകത്വം | - | ലാഭം |

# അധ്യായം 8
# ദേശീയ വരുമാനം കണക്കാക്കൽ

ആമുഖം

സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ ഒരു സമ്പദ്‌വ്യവസ്ഥ പ്രവർത്തിക്കുന്നത് ഒരു ചാക്രിക രീതിയിൽ ആണെന്ന് കാണാം. ഉല്പാദന യൂണിറ്റുകളും ഗാർഹികമേഖലയും തമ്മിലുള്ള കൊടുക്കൽ വാങ്ങൽ വ്യത്യസ്ത രീതിയിലാണ്.

- സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കാനാവശ്യമായ ഉല്പാദന ഘടകങ്ങൾ ഗാർഹിക മേഖലയിൽ നിന്നും ഉല്പാദന യൂണിറ്റുകൾ വാങ്ങുകയും അതിന് പ്രതിഫലമായി ഘടകവരുമാനം നൽകുകയും ചെയ്യുന്നു.
- ഉല്പാദന യൂണിറ്റുകൾ സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിച്ച് ഗാർഹിക മേഖലക്ക് നൽകുകയും അതിന് പകരം ഗാർഹിക മേഖല സാധനങ്ങൾക്കും സേവനങ്ങൾക്കും പണം ചെലവഴിക്കുന്നു.

ഈ ചാക്രിക പ്രവർത്തനങ്ങളാണ് ദേശീയവരുമാനം കണക്കാക്കുന്നതിന് അടിസ്ഥാനം . ഒരു സമ്പദ്‌വ്യവസ്ഥയിലെ ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ, ദേശീയ വരുമാനത്തിന്റെ വിവിധ രൂപങ്ങൾ, GDP ഡിഫ്ളേറ്റർ, GDPഒരു രാജ്യത്തിന്റെ ക്ഷേമ സൂചകമായി പരിഗണിക്കുന്നതിന്റെ പരിമിതികൾ എന്നിവ ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

**പ്രവർത്തനം 1**

ദേശീയ വരുമാനകണക്കെടുപ്പുമായി ബന്ധപ്പെട്ട ചില പദങ്ങൾ ചുവടെ നൽകിയിരിക്കുന്നു. അനുയോജ്യമായവ ആശയങ്ങൾക്ക് നേരെ തെരെഞ്ഞെടുത്തെഴുതുക.

ഇടനില വസ്തുക്കൾ, പ്രവാഹചരങ്ങൾ, അന്തിമ സാധനങ്ങൾ, ശേഖരങ്ങൾ, ഈടുള്ള വസ്തുക്കൾ, മൂലധന വസ്തുക്കൾ

| | |
|---|---|
| A . അന്തിമ ഉപഭോഗത്തിന് ഉപയോഗിക്കുന്നതും വീണ്ടും ഉല്പാദന പ്രക്രിയയിലേക്ക് കടന്നു വരാത്തതുമായ സാധനങ്ങൾ | ........................ |
| B. മറ്റ് സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന സാധനങ്ങൾ | ........................ |
| C. ഒരു ഉല്പാദന പ്രക്രിയയിലൂടെകടന്നുപോവുകയും എന്നാൽ അന്തിമ വസ്തുക്കൾ ആയിമാറാത്തതുമായ അസംസ്കൃത വസ്തുക്കൾ | ........................ |
| D. കൂടുതൽകാലം ഉപയോഗിക്കാൻ സാധിക്കുന്ന ഉപഭോഗ വസ്തുക്കൾ | ........................ |
| E. ഒരു നിശ്ചിതസമയ ബിന്ദുവിൽ അളക്കാൻ കഴിയുന്ന ചരങ്ങൾ. | ........................ |
| F. നിശ്ചിത കാലയളവിൽ മാത്രം അളക്കുവാനും നിർവചിക്കുവാനും കഴിയുന്ന ചരങ്ങൾ. | ........................ |

**പ്രവർത്തനം 2**

തന്നിരിക്കുന്ന ചരങ്ങളെ ശേഖരങ്ങൾ, പ്രവാഹങ്ങൾ എന്ന് തരംതിരിക്കുക.


ലാഭം, മൂലധനം, ഇൻവെന്ററി , പണപ്രദാനം, ദേശീയ വരുമാനം, സാമ്പത്തിക വളർച്ച ,സമ്പത്ത്, നിക്ഷേപം.

| ശേഖരങ്ങൾ (stock) | പ്രവാഹങ്ങൾ (flow) |
|---|---|
| ♦ ............................................................ | ♦ ............................................................ |
| ♦ ............................................................ | ♦ ............................................................ |
| ♦ ............................................................ | ♦ ............................................................ |
| ♦ ............................................................ | ♦ ............................................................ |

**പ്രവർത്തനം 3**

ഗാർഹിക മേഖലയും ഉല്പാദന മേഖലയും ഉൾക്കൊള്ളുന്ന ഒരു ദ്വിമേഖലാ സമ്പദ്വ്യവസ്ഥ യിലെ വരുമാനത്തിന്റേയും ചെലവിന്റേയും ചാക്രിക പ്രവാഹം ചുവടെ ചിത്രീകരിച്ചിരിക്കുന്നു. ബോക്സിൽ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ചിത്രത്തിലെ പ്രവാഹങ്ങൾ പൂരിപ്പിക്കാമോ ?

- ഘടക വരുമാനം,
- ഉൽപാദന ഘടകസേവനം
- സാധന സേവനങ്ങൾ
- ഉപഭോഗചെലവ്




**പ്രവർത്തനം 4**

ദേശീയ വരുമാനകണക്കെടുപ്പുമായി ബന്ധപ്പെട്ട സൂത്രവാക്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു. ബോക്സിൽ നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് അവ ഏത് രീതി എന്നു കണ്ടെത്തി രേഖ പ്പെടുത്തുക.

വരുമാന രീതി, മൂല്യ വർദ്ധിത രീതി, ചെലവ് രീതി

| സൂത്രവാക്യം | രീതി |
|---|---|
| GDP = മൊത്തം ഉൽപാദന മൂല്യം - ഇടനില ഉൽപന്നങ്ങളുടെ മൂല്യം | |
| GDP = C + I + G + X - M | |
| GDP = കൂലി + പാട്ടം + പലിശ + ലാഭം | |

**പ്രവർത്തനം 5**

ഒരു കർഷകൻ 200 രൂപയുടെ ഗോതമ്പ് ഉൽപാദിപ്പിക്കുന്നു.അതുപയോഗിച്ച് മില്ലർ 350 രൂപയുടെ പൊടി വിൽക്കുന്നു. അതുപയോഗിച്ച് ബേക്കർ 600 രൂപയുടെ ബ്രഡ് വിൽക്കുന്നു..എങ്കിൽ ഓരോ ഉൽപാദനഘട്ടങ്ങളിലുമുള്ള കൂട്ടിച്ചേർത്ത മൂല്യം കണക്കാക്കുക.

| വിവിധ ഉൽപാദനഘട്ടങ്ങൾ | അന്തിമ ഉല്പന്നമൂല്യം | ഇടനിലഉല്പന്നമൂല്യം | കൂട്ടിച്ചേർത്തമൂല്യം |
|---|---|---|---|
| കർഷകൻ | 200 | - 0 | = .......... (a) |
| ബേക്കർ | .......... (b) | -200 | = .......... (c ) |
| മില്ലർ | 600 | .......... (d) | = 250 |
| ആകെ കൂട്ടിച്ചേർത്ത മൂല്യം | | | = .......... (e) |

**പ്രവർത്തനം 6**

GDP = C + I + G + X - M എന്ന സൂത്രവാക്യത്തിലെ വിവിധ ചരങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു എന്ന് ബോക്സിൽ നൽകിയിരിക്കുന്ന സൂചന അനുസരിച്ച് പൂരിപ്പിക്കുക.

ഗവൺമെന്റ് ചെലവ് , അന്തിമ ഉപഭോഗം, അറ്റകയറ്റുമതി, നിക്ഷേപം

C = ......................................................................

I = ......................................................................

G = ......................................................................

X - M = ......................................................................

**പ്രവർത്തനം 7**

A . ചുവടെ തന്നിരിക്കുന്ന ആശയം ഗ്രഹിച്ച് അവയുടെ ഒറ്റപദം എഴുതുക.

സൂചന : അറ്റപരോക്ഷ നികുതി, അറ്റവിദേശ ഘടകവരുമാനം, തേയ്മാനം

| | | |
|---|---|---|
| a. | മൂലധന വസ്തുക്കളുടെ സ്ഥിരമായ ഉപയോഗത്തിന്റെ ഫലമായി കാര്യക്ഷമതയിലുണ്ടാകുന്ന കുറവ് നികത്തുന്നതിന് ആവശ്യമായ ചെലവ്. | |
| b. | നമ്മുടെ സമ്പദ്വ്യവസ്ഥയിലെ ഉല്പാദന ഘടകങ്ങൾ വിദേശത്തുനിന്ന് നേടുന്ന ഘടക വരുമാനത്തിൽ നിന്ന് വിദേശ ഉല്പാദനഘടകങ്ങൾ നമ്മുടെ സമ്പദ്വ്യവസ്ഥയിൽ നിന്നു നേടുന്ന ഘടകവരുമാനം കുറച്ചാൽ ലഭിക്കുന്നത്. | |
| c. | സാധനങ്ങളുടെയും സേവനങ്ങളുടെയും മേൽ ചുമത്തുന്ന പരോക്ഷ നികുതിയിൽ നിന്നും സർക്കാർ നൽകിയ സബ്സിഡി കുറച്ചാൽ ലഭിക്കുന്ന മൂല്യം. | |

B . മുകളിൽ ഗ്രഹിച്ച ആശയങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെതന്നിരിക്കുന്നു പ്രസ്താവന വായിച്ച് വിട്ട് കോളങ്ങൾ പൂരിപ്പിക്കുക.

| | |
|---|---|
| d. മൊത്ത ദേശീയ വരുമാനം ( GNP) കണക്കാക്കുന്നതിന് മൊത്ത ആഭ്യന്തര ഉല്പന്നത്തോട് ( GDP) കൂട്ടിച്ചേർക്കേണ്ട ഘടകം | |
| e. ഒരു ചരത്തിന്റെ അറ്റമൂല്യം ( Net) കണ്ടുപിടിക്കുന്നതിന് അതിന്റെ മൊത്തം ( Gross) മൂല്യത്തിൽ നിന്ന് കുറക്കേണ്ട ഘടകം | |
| f. കമ്പോളവിലയിലുള്ള ( Market Price ) മൂല്യത്തിൽ നിന്ന് ഘടക ചെലവിലുള്ള ( Factor Cost) മൂല്യം കണക്കാക്കുന്നതിന് കുറക്കേണ്ട മൂല്യം | |

**പ്രവർത്തനം 8**

ബ്രാക്കറ്റിൽ തന്നിരിക്കുന്ന ചരങ്ങൾ ഉപയോഗിച്ച് സ്ഥൂല സാമ്പത്തിക സമവാക്യങ്ങൾ പൂരിപ്പിക്കുക.

(തേയ്മാനം, അറ്റ വിദേശ ഉൽപാദന ഘടകവരുമാനം)

a) GNP = GDP ...................

b) NNP = GNP - ......................

c) Net investment = Gross Investment - ..........................

d) NNP = NDP + .......................................

**പ്രവർത്തനം 9**

ചുവടെ നൽകിയിരിക്കുന്ന സൂത്രവാക്യങ്ങളിൽ വിട്ടഭാഗം അനുയോജ്യമായ ചരം ഉപയോഗിച്ച് പൂരിപ്പിക്കുക.

A. അറ്റ ഉൽപാദന നികുതി, പ്ലസ് , മൈനസ്, സബ്സിഡി

a) അറ്റ പരോക്ഷ നികുതി = പരോക്ഷ നികുതി – ...........................

b) അറ്റ പരോക്ഷ നികുതി = അറ്റ ഉൽപാദന നികുതി .................. അറ്റ ഉൽപന്ന നികുതി

c ) ............................................. = ഉൽപാദന നികുതി – ഉൽപാദന സബ്സ്ഡി

d) അറ്റ ഉൽപന്ന നികുതി = ഉൽപന്ന നികുതി ......................... ഉൽപന്ന സബ്സിഡി

B. പ്ലസ്, വ്യക്തി ഗത നികുതി, വാർഷിക വിൽപന , മൈനസ്, NNPFC

e) ഇൻ വെന്ററിയിലെ മാറ്റം = വാർഷിക ഉൽപാദനം - ..............................................

f) Gross Profit = Profit .................... Depreciation ...................Net Indirect Tax

g) വ്യക്തിഗത വിനിമയയോഗ്യ വരുമാനം = വ്യക്തി വരുമാനം - .......................................

h) ........................= NNP at Market Price - Net indirect taxes

**പ്രവർത്തനം 10**

ചുവടെ തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയോ, തെറ്റോ എന്ന് രേഖപ്പെടുത്തുക.

| | |
|---|---|
| a. ഒരു സ്ഥാപനം ഒരു വർഷത്തിൽ നിന്ന് അടുത്ത വർഷത്തേക്ക് വഹിക്കുന്ന നിർമാണം പൂർണമായതോ ഭാഗികമായതോ ആയ ഉൽപന്നങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയുടെ ശേഖരത്തെ ഇൻവെന്ററി എന്നു പറയുന്നു. | |
| b. ഇൻവെന്ററിയിലെ മാറ്റം = ക്ലോസിംഗ് സ്റ്റോക്ക് - ഓപ്പണിംഗ് സ്റ്റോക്ക് | |
| c. യാതൊരു പ്രതിഫലവും തിരികെ ലഭിക്കാതെ ഗവൺമെന്റോ സ്ഥാപനങ്ങളോ ഗാർഹിക മേഖലക്കോ, സ്ഥാപനങ്ങൾക്കോ നൽകുന്ന പേയ്മെന്റുകൾക്കാണ് ട്രാൻസ്ഫർ പേയ്മെന്റ് എന്നു പറയുന്നത്. | |
| d. ഒരു ഉല്പന്നത്തിന്റെ വിവിധ ഉല്പാദനഘട്ടങ്ങളിൽ ഒരു ഉല്പാദന യൂണിറ്റിന്റെ അറ്റ സംഭാവനയാണ് (കൂട്ടിച്ചേർത്ത മൂല്യമാണ്)മൊത്ത വർദ്ധിത മൂല്യം (GVA) | |
| e. നാമമാത്ര GDPയും യഥാർത്ഥ GDPയും തമ്മിലുള്ള അനുപാതമാണ് GDP ഡിഫ്ളേറ്റർ | |

**പ്രവർത്തനം 11**

ഒരു സമ്പദ്‌വ്യവസ്ഥയിലെ പണാത്മക GDP യുടെ മൂല്യം 2500 കോടി രൂപയും അതേ വർഷം അടിസ്ഥാന വർഷത്തെ അനുസരിച്ചുള്ള GDP യുടെ മൂല്യം 3000 കോടി രൂപയായാൽ GDP ഡിഫ്ളേറ്റർ ശതമാനത്തിൽ കണക്കാക്കാം.

$$\text{GDP ഡിഫ്ളേറ്റർ} = \frac{\text{നോമിനൽ GDP}}{\text{റിയൽ gdp}} = \frac{\text{(a)........................................}}{\text{(b).........................................}} \times 100$$

= 0.83 X 100

= (c)................

**പ്രവർത്തനം 12**

GDP യെ ഒരു സമ്പദ് വ്യവസ്ഥയുടെ ക്ഷേമ സൂചകമായി പരിഗണിക്കുമ്പോൾ ഉണ്ടാകുന്ന പരിമിതികളെ സൂചിപ്പിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുക.

- ...........................................................
- ...............................................................
- ദോഷകരമായ ബാഹ്യ ഫലങ്ങൾ

**വിലയിരുത്തൽ ചോദ്യങ്ങൾ**

1) The Great book "An Enquiring in to the Nature and Causes of Wealth of Nations" എന്ന ഗ്രന്ഥം രചിച്ച സാമ്പത്തിക ശാസ്ത്രജ്ഞൻ

a) ജെ.എം.കെയിൻസ് .
b) ആഡംസ്മിത്ത്
c) ആൾഫ്രഡ് മാർഷൽ
d) ഇവരാരുമല്ല

2) ചുവടെ തന്നിരിക്കുന്നവയിൽ ഇടനില ഉൽപന്നം ഏത് ?

a) മൊബൈൽഫോൺ
b) ചെരുപ്പ്
c) കാർ നിർമ്മിക്കുന്നതിനുള്ള ഉരുക്ക് ഷീറ്റ്
d) വാച്ച്

3) തന്നിരിക്കുന്നവയിൽ ഉൽപന്ന നികുതി (Product Tax) അല്ലാത്തത് ഏതാണ്.

a) GST    b) കയറ്റുമതി- ഇറക്കുമതി നികുതി
c) ഭൂനികുതി    d) എക്സൈസ് തീരുവ

4) തന്നിരിക്കുന്നവയിൽ തെറ്റായ സമവാക്യം ഏത്

a) NVA = GVA - Depreciation
b) $NNP_{FC}$ = $NDP_{FC}$ + NFIA
c) $NNP_{FC}$ = $NNP_{MP}$ + Net Indirect Taxes
d) $GDP_{FC}$ = $GDP_{MP}$ - Net Indirect Taxes

5) ഒരു സമ്പദ്‌വ്യവസ്ഥയിലെ വരുമാനത്തിന്റെ ചാക്രിക പ്രവാഹങ്ങൾ ദേശീയ വരുമാനം കണക്കാക്കലിലെ ഏതെല്ലാം രീതികളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുക.

6) ഇൻവെന്ററിയിലെ വർദ്ധനവ് , കുറവ് എന്നിവയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

7) ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള ഉൽപാദന രീതി ,ചെലവ് രീതി ,വരുമാന രീതി എന്നിവയെ കുറിച്ച് ഒരു വിശകലനം തയ്യാറാക്കുക.

8) GDP ഒരു സമ്പദ് വ്യവസ്ഥയുടെ ക്ഷേമ സൂചകമായി പരിഗണിക്കുന്നതിലുള്ള പരിമിതികൾ വിശദമാക്കുക.

**ഉത്തര സൂചിക**

പ്രവർത്തനം 1

a) അന്തിമ സാധനങ്ങൾ b) മൂലധന വസ്തുക്കൾ
c) ഇടനില വസ്തുക്കൾ d) ഈടുള്ള വസ്തുക്കൾ
e) ശേഖരങ്ങൾ f) പ്രവാഹചരങ്ങൾ

**പ്രവർത്തനം 2**

ശേഖരങ്ങൾ : മൂലധനം, ഇൻവെന്ററി, പണപ്രദാനം, സമ്പത്ത്.
പ്രവാഹങ്ങൾ : ലാഭം, ദേശീയ വരുമാനം, സാമ്പത്തിക വളർച്ച , നിക്ഷേപം.

**പ്രവർത്തനം 3**

a ) ഉല്പാദക ഘടക സേവനം b) ഘടക വരുമാനം
c) ഉപഭോഗ ചെലവ് d )സാധന സേവനങ്ങൾ

**പ്രവർത്തനം 4**

a) മൂല്യവർദ്ധിത രീതി b) ചെലവ് രീതി
c) വരുമാന രീതി

**പ്രവർത്തനം 5**

a) 200 b) 350 c) 150 d) 350 e) 600

**പ്രവർത്തനം 6**

a ) അന്തിമ ഉപഭോഗം b) നിക്ഷേപം
c) ഗവൺമെന്റ് ചെലവ് d ) അറ്റകയറ്റുമതി

**പ്രവർത്തനം 7**

A : a) തേയ്മാനം b) അറ്റവിദേശ ഘടകവരുമാനം c ) അറ്റപരോക്ഷ നികുതി
B: a ) അറ്റവിദേശ ഘടകവരുമാനം b) തേയ്മാനം c) അറ്റപരോക്ഷ നികുതി

**പ്രവർത്തനം 8**

(a ,d ) അറ്റ വിദേശ ഉൽപാദന ഘടകവരുമാനം
(b , c ) തേയ്മാനം ,

**പ്രവർത്തനം 9**

A : a ) സബ്സിഡി, b ) പ്ലസ് c) അറ്റ ഉൽപാദന നികുതി d) മൈനസ്
B: e ) വാർഷിക വിൽപന f ) പ്ലസ് g) വ്യക്തിഗത നികുതി h) $NNP_{FC}$

**പ്രവർത്തനം 10**

a, b, c, d, e : ശരി

**പ്രവർത്തനം 11**

$$\text{GDP deflator} = \frac{\text{Nominal GDP}}{\text{Real gdp}} = \frac{2500}{3000} \times 100 = 0.83 \times 100 = 83$$

**പ്രവർത്തനം 12**

- GDP വിതരണത്തിലെ അസമത്വം
- പണയിതര ഇടപാടുകൾ

# അധ്യായം 9

# പണവും ബാങ്കിങ്ങും

പണം കണ്ടുപിടിക്കുന്നതിന് മുമ്പ് സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്ന സംവിധാനമാണ് നിലനിന്നിരുന്നത്. ഇത് ബാർട്ടർ സമ്പ്രദായം എന്നറിയപ്പെടുന്നു. സാധനങ്ങൾക്കു പകരം സാധനങ്ങളോ സേവനങ്ങളോ കൈമാറ്റം ചെയ്യുന്ന സമ്പ്രദായമാണ് ബാർട്ടർ സമ്പ്രദായം.

ബാർട്ടർ സമ്പ്രദായത്തിന്റെ പോരായ്മകൾ പണത്തിന്റെ ആവിർഭാവത്തിന് കാരണമായി. പണത്തിന്റെ ആവിർഭാവം, ബാർട്ടർ സമ്പ്രദായത്തിന്റെ പോരായ്മകൾ, പണരഹിത സമൂഹത്തിലേക്കുള്ള ചുവട് വയ്പ്പുകൾ, പണത്തിന്റെ ധർമ്മങ്ങൾ, പണത്തിന്റെ ചോദന പ്രദാനങ്ങൾ, വാണിജ്യ ബാങ്കുകളുടെയും കേന്ദ്ര ബാങ്കിന്റെയും ധർമ്മങ്ങൾ, ജനങ്ങൾ പണം കൈവശം വക്കുന്നതിന്റെ പ്രേരണകൾ എന്നിവ ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

ഒരു സമ്പദ്‌വ്യവസ്ഥയിൽ പണം അച്ചടിക്കുന്നത് കേന്ദ്ര ബാങ്കാണ്. എന്നാൽ പണ സൃഷ്ടിയിൽ വാണിജ്യ ബാങ്കുകൾക്കും പ്രധാനപങ്കുണ്ട്. വാണിജ്യ ബാങ്കുകൾ വായ്പ സൃഷ്ടിക്കുന്നത് എങ്ങനെയെന്നും ഒരു സമ്പദ്‌വ്യവസ്ഥയിൽ പണ പ്രദാനത്തിന്റെ വിവിധ ഘടകങ്ങൾ ഏതൊക്കെയെന്നും പണപ്രദാനം നിയന്ത്രിക്കുന്നതിൽ കേന്ദ്രബാങ്കിന്റെ പണനയഉപകരണങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

**പ്രധാന ആശയങ്ങൾ**

- ♦ ബാർട്ടർ സമ്പ്രദായത്തിന്റെ പോരായ്മകൾ
- ♦ പണത്തിന്റെ ധർമ്മങ്ങൾ
- ♦ പണത്തിന്റെ ചോദനവും പ്രദാനവും
- ♦ പണപ്രദാനം നിയന്ത്രിക്കുന്നതിനുള്ള ഉപാധികൾ

**പ്രവർത്തനം 1**

സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറുന്ന കമ്പോള രീതിയായ ബാർട്ടർ സമ്പ്രദായത്തിന്റെ പോരായ്മകൾ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

- ♦ ആവശ്യങ്ങളുടെ ദ്വിമാന പൊരുത്തം.
- ♦ ..............................................
- ♦ ...................................................................

**പ്രവർത്തനം 2**

പണം ഒരു സമ്പദ്‌വ്യവസ്ഥയെ സുഗമമാക്കുന്നത് പ്രധാനമായും നാല് രൂപത്തിലാണ്. പണത്തിന്റെ ഈ ധർമ്മങ്ങൾ സൂചിപ്പിക്കുന്ന ചാർട്ട് പൂരിപ്പിക്കുക.

a) ............................................................................


b)..........................................................

c) ...................................................................

d) ...................................................................

**പ്രവർത്തനം 3**

പണം കൈവശം വക്കാനുള്ള ജനങ്ങളുടെ ആഗ്രഹത്തെയാണ് പണത്തിന്റെ ചോദനം എന്നു പറയുന്നത്. പണചോദന പ്രേരക ഘടകങ്ങൾ തന്നിരിക്കുന്ന ചാർട്ടിൽ പൂരിപ്പിക്കുക.




**പ്രവർത്തനം 4**

പണപ്രദാനത്തിന്റെ വിവിധ അളവുകൾ ചുവടെ തന്നിരിക്കുന്നു. വിട്ട ഭാഗങ്ങൾക്കനുയോജ്യമായവ ബോക്സിൽ നിന്നും എടുത്ത് പൂരിപ്പിക്കാമോ?

| |
|---|
| പോസ്റ്റോഫീസ് സേവിംഗ്സ് ഡെപ്പോസിറ്റ്, ഡിമാന്റ് ഡെപ്പോസിറ്റ്, $M_1$, $M_3$ |

a. $M_1$ = കറൻസി + .......................

b. $M_2$ = M1 +.................

c. $M_3$ = ................ + വാണിജ്യ ബാങ്കുകളുടെ സ്ഥിരനിക്ഷേപം.

d. $M_4$ = ............... + ആകെ പോസ്റ്റോഫീസ് സേവിംഗ്സ് ഡെപ്പോസിറ്റ്.

**പ്രവർത്തനം 5**

പണപ്രദാനത്തിന്റെ വിവിധ അളവുകളും അവയുടെ സവിശേഷതകളും തന്നിരിക്കുന്നു. A പാർട്ടും B പാർട്ടും തമ്മിൽ രേഖാ ഡയഗ്രം പൂർത്തികയാക്കുക.

| ( A) | ( B) |
|---|---|
| a. $M_1$ | മൊത്തം പണ വിഭവങ്ങൾ |
| b. $M_4$ | ദ്രവത്വം കൂടിയത് |
| c. $M_3$ | ദ്രവത്വം കുറഞ്ഞത് |
| d. M1+M2 | Narrow Money (ഇടുങ്ങിയ പണം) |
| e. M3+M4 | വിശാല പണം (Broad Money) |

**പ്രവർത്തനം 6**

സാമ്പത്തിക ഉൾച്ചേർക്കൽ (Financial Inclusion) പ്രോത്സാഹിപ്പിക്കുന്നതിനും പണരഹിത സമ്പദ്ഘടനയിലേക്ക് ചുവടുവക്കുന്നതിനുമായി ഗവൺമെന്റ് നടത്തുന്ന ചില ഇടപെടലുകളെ കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

- ജൻധൻ അക്കൗണ്ടുകൾ
- 
- 
- 

**പ്രവർത്തനം 7**


പണസൃഷ്ടിയുമായി ബന്ധപ്പെട്ട ചില പദങ്ങൾ ചുവടെ നൽകിയിരിക്കുന്നു. അനുയോജ്യമായ ആശയങ്ങൾക്ക് നേരെ തെരഞ്ഞെടുക്കുക.

കരുതൽ ധനാനുപാതം, പണഗുണകം, നിയമപ്രകാരമുള്ള ദ്രവ്യാനുപാതം

| | |
|---|---|
| a. ഒരു ബാങ്ക് അതിന്റെ നിക്ഷേപത്തിന്റെ കരുതൽ ധനശേഖരമായി ബാങ്കിൽ തന്നെ സൂക്ഷിക്കേണ്ട പണത്തിന്റെ ശതമാനം. | |
| b. ബാങ്കുകൾ കുറഞ്ഞകാലത്തേക്ക് ദ്രവത്വ രൂപത്തിൽ സൂക്ഷിക്കേണ്ട മറ്റു ചില ശേഖരങ്ങൾ. | |
| c. $\frac{1}{\text{കരുതൽ ധനാനുപാതം}}$ $\frac{1}{CRR}$ | |

**പ്രവർത്തനം 8**

പണത്തിന്റെ പ്രദാനം നിയന്ത്രിക്കുന്നതിനുള്ള നയഉപാധികളുടെ ഫ്ളോചാർട്ട് പൂർത്തിയാക്കുക



**പ്രവർത്തനം 9**

തുറന്ന വിപണി പ്രവർത്തനവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾക്കു നേരെ ശരിയാണെങ്കിൽ ✓ ചിഹ്നവും തെറ്റാണെങ്കിൽ × എന്ന ചിഹ്നവും രേഖപ്പെടുത്തുക.

| | |
|---|---|
| a. സർക്കാർ ഇറക്കുന്ന കടപ്പത്രങ്ങൾ തുറന്ന കമ്പോളത്തിൽ വിൽക്കുന്നതിനേയും വാങ്ങുന്നതിനേയുമാണ് തുറന്ന കമ്പോള നടപടികൾ എന്നു പറയുന്നുത്. | |
| b. ഗവൺമെന്റിന് വേണ്ടി ഈ പ്രവർത്തനങ്ങൾ ചെയ്യുന്നത് കേന്ദ്രബാങ്കാണ്. | |
| c. കേന്ദ്രബാങ്ക് തുറന്ന വിപണിയിൽ നിന്നും ഗവൺമെന്റ് കടപത്രങ്ങൾ വാങ്ങുമ്പോൾ സമ്പദ്വ്യവസ്ഥയിലെ പണപ്രദാനം വർദ്ധിക്കുന്നു. | |
| d. കേന്ദ്രബാങ്ക് തുറന്ന വിപണിയിൽ കടപത്രങ്ങൾ വിൽക്കുമ്പോൾ സമ്പദ്വ്യവസ്ഥയിലെ പണപ്രദാനം കുറയുന്നു. | |

**പ്രവർത്തനം 10**

;ചുവടെ നൽകിയിരിക്കുന്നവയിൽ റിപ്പോ, റിവേഴ്സ് റിപ്പോ എന്നിവയെ സൂചിപ്പിക്കുന്ന പ്രസ്താവന കൾ തിരിച്ചറിയുക.

a. കേന്ദ്രബാങ്ക് ഒരു സെക്യൂരിറ്റി വാങ്ങുമ്പോൾ ഇത് വീണ്ടും വിൽക്കുന്നതിന്റെ വിലയും തീയതിയും വാങ്ങൽ കരാറിൽ സൂചിപ്പിച്ചിരിക്കും.

b. കേന്ദ്രബാങ്ക് സെക്യൂരിറ്റി വിൽക്കുമ്പോൾ തിരിച്ചുവാങ്ങാനുള്ള വിലയും തീയതിയും കരാറിൽ സൂചിപ്പിച്ചിരിക്കും.

**പ്രവർത്തനം 11**

ചുവടെ തന്നരിക്കുന്ന സന്ദർഭങ്ങളിൽ പണത്തിന്റെ ചോദനത്തിലുണ്ടാകുന്ന മാറ്റം ടിക് ചെയ്ത് കാണിക്കുക.

| സന്ദർഭം | പണത്തിന്റെ ചോദനം |
|---|---|
| a. ഇടപാടുകളുടെ മൂല്യം വർദ്ധിക്കുന്നു. | കൂടുന്നു / കുറയുന്നു |
| b. പലിശനിരക്ക് വർദ്ധിക്കുന്നു | കൂടുന്നു / കുറയുന്നു |
| c. വരുമാനം വർദ്ധിക്കുന്നു. | കൂടുന്നു / കുറയുന്നു |

**പ്രവർത്തനം 12**

പണത്തിന്റെ കൈമാറ്റ പ്രേരകത്തെ സൂചിപ്പിക്കുന്ന $Md_T = KT$ എന്ന സൂത്രവാക്യത്തിലെ വിവിധ ചരങ്ങ ളുടെ നിർവചനങ്ങൾ ബോക്സിൽ തന്നിരിക്കുന്നു. ഉചിതമായവ ചേർത്ത് പൂരിപ്പിക്കുക.

| |
|---|
| ഇടപാടുകളുടെ മൊത്തം മൂല്യം, പണത്തിന്റെ കൈമാറ്റ ചോദനം, പോസിറ്റീവ് ഫ്രാക്ഷൻ (0-1) |

| | |
|---|---|
| $Md_T$ = | (a)................................................ |
| K = | (b)................................................ |
| T = | (c)................................................ |

**പ്രവർത്തന 13**


പണത്തിന്റെ ഊഹപ്രേരക ചോദനം ചിത്രീകരിക്കുന്ന ഗ്രാഫ് ചുവടെ തന്നിരിക്കുന്നു. ഗ്രാഫിലെ a, b. c എന്നീ ബിന്ദുക്കൾ എന്തിനെ സൂചിപ്പിക്കുന്നു എന്ന് ബ്രാക്കറ്റിൽ നിന്നും എടുത്തെഴുതുക.

(ഏറ്റവും കുറഞ്ഞ പരിശനിരക്ക്, ദ്രവത്വ കുരുക്ക്, ഏറ്റവും ഉയർന്ന പലിശ നിരക്ക്.)

(a)................................................

(b)................................................

(c)................................................




**വിലയിരുത്തൽ ചോദ്യങ്ങൾ**

1. വായ്പാസൃഷ്ടിയുടെ അടിസ്ഥാനമായി പ്രവർത്തിക്കുന്നത്.
   a. ഹൈപവേഡ് മണി
   b. കരുതൽ ധനാനുപാതം
   c. നിയമപ്രകാരമുള്ള ദ്രവ്യാനുപാതം
   d. പണ ഗുണകം

2. ചുവടെ നൽകിയിരിക്കുന്നവയിൽ വാണിജ്യബാങ്കിന്റെ ധർമ്മമെന്ത്?
   a. പണം അച്ചടിക്കുക.
   b. ബാങ്കുകളുടെ ബാങ്കായി പ്രവർത്തിക്കുക
   c .പൊതു ജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുക.
   d. ഗവൺമെന്റ് ബാങ്കായി പ്രവർത്തിക്കുക.

3. മൊത്ത പണവിഭവങ്ങൾ എന്നറിയപ്പെടുന്നത്.
   a. $M_1$
   b. $M_2$
   c. $M_3$
   d. $M_4$

4. വാണിജ്യബാങ്കുമായി ബന്ധപ്പെട്ട് spread എന്നത് എന്തിനെ സൂചിപ്പിക്കുന്നു. വ്യക്തമാക്കുക.
5. റിപ്പോ നിരക്ക്, റിവേഴ്സ് റിപ്പോ നിരക്ക് ഇവ വേർതിരിച്ചെഴുതുക.
6. ദ്രവത്വ കെണി എന്നത് ഒരു ഡയഗ്രത്തിന്റെ സഹായത്തോടെ വിശദമാക്കുക.
7. പണപ്രദാനം നിയന്ത്രിക്കുന്നതിനായി ഗവൺമെന്റിന്റെ വിവിധ പണനയഉപാധികൾ അപഗ്രഥനം ചെയ്യുക.

**ഉത്തര സൂചിക**

**പ്രവർത്തനം 1**

- സാധനങ്ങളും സേവനങ്ങളും വിഭജിക്കുന്നതിലെ ബുദ്ധിമുട്ട്.
- മൂല്യം ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

**പ്രവർത്തനം 2**

a. വിനിമയ മാധ്യമം
b. മൂല്യമാപനം
c. മൂല്യശേഖരം
d. മൂല്യത്തിന്റെ കൈമാറ്റം

**പ്രവർത്തനം 3**

a. വിനിമയ പ്രേരകം
b. ഊഹപ്രേരക ചോദനം

**പ്രവർതത്തനം 4**

a. ഡിമാന്റ് ഡെപ്പോസിറ്റ്
b. പോസ്റ്റ്ഓഫീസ് സേവിംഗ് ഡെപ്പോസിറ്റ്
c. $M_1$
d. $M_3$

**പ്രവർത്തനം 5**

a. ദ്രവത്വം കൂടിയത്
b. ദ്രവത്വം കുറഞ്ഞത്
c. മൊത്തപണവിഭവങ്ങൾ
d. ഇടുങ്ങിയ പണം
e. വിശാല പണം

**പ്രവർത്തനം 6**

a. ആധാർ ഉപയോഗിച്ചുള്ള പണമിടപാട് സംവിധാനം
b. ഇ-വാലറ്റ്
c. നാഷണൽ ഫിനാൻസ് സ്വിച്ച് (NFS)

**പ്രവർത്തനം 7**

a. കരുതൽ ധനഅനുപാതം
b. നിയമപ്രകാരമുള്ള ദ്രവ്യാനുപാതം
c. പണഗുണകം

**പ്രവർത്തനം 8**

a. ബാങ്ക് റേറ്റ്
b. തുറന്നകമ്പോള പ്രവർത്തനങ്ങൾ
c. ഗുണപരം
d. ധാർമ്മിക അനുനയം

**പ്രവർത്തനം 9**

a. ശരി
b. ശരി
c. ശരി
d. ശരി

**പ്രവർത്തനം 10**

a. റിപ്പോ
b. റിവേഴ്സ് റിപ്പോ

**പ്രവർത്തനം 11**

a. കൂടുന്നു
b. കുറയുന്നു
c. കൂടുന്നു

**പ്രവർത്തനം 12**

a. പണത്തിന്റെ കൈമാറ്റ ചോദനം
b. പോസിറ്റീവ് ഫ്രാക്ഷൻ
c. ഇടപാടുകളുടെ മൊത്തം മൂല്യം

**പ്രവർത്തനം 13**

a. ഏറ്റവും ഉയർന്ന പലിശ നിരക്ക്
b. ഏറ്റവും കുറഞ്ഞ പലിശനിരക്ക്
c. ദ്രവത്വ കുരുക്ക്

# അധ്യായം 10
# വരുമാനവും തൊഴിലും നിർണ്ണയിക്കൽ

ഒരു സമ്പദ്‌വ്യവസ്ഥയിലെ അന്തിമ വസ്തുക്കളുടെ ചോദനം, അന്തിമ വസ്തുക്കളുടെ പ്രദാനം എന്നിവ തുല്യമായിരിക്കുമ്പോഴാണ് ഒരു സമ്പദ്‌വ്യവസ്ഥ സന്തുലിതാവസ്ഥയിൽ എത്തുന്നത്. ദ്വിമേഖലാ സമ്പദ്‌വ്യവസ്ഥയിൽ മൊത്ത ചോദനത്തിന്റെ ഘടകങ്ങൾ ഉപഭോഗം, നിക്ഷേപം എന്നിവയാണ്. വരുമാനവും തൊഴിലും വർദ്ധിക്കുമ്പോഴാണ് ഒരു സമ്പദ്‌വ്യവസ്ഥയിൽ വളർച്ചയുണ്ടാകുന്നത്. ദ്വിമേഖലാ സമ്പദ്‌വ്യവസ്ഥയിൽ വരുമാനം തൊഴിൽ എന്നിവ നിർണയിക്കപ്പെടുന്നത് എങ്ങനെയെന്ന് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നു.

മൊത്തചോദനത്തിന്റെ ഘടകങ്ങളായ ഉപഭോഗം, നിക്ഷേപം എന്നിവയിൽ ഉണ്ടാകുന്ന മാറ്റത്തിന്റെ ഫലമായി സമ്പദ്‌വ്യവസ്ഥയിൽ എന്തുമാറ്റം ഉണ്ടാകുന്നുവെന്നും ഒരു സമ്പദ്‌വ്യവസ്ഥയിൽ ഗുണകം എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ഈ അധ്യായം വിശകലനം ചെയ്യുന്നു.

**പ്രധാന ആശയങ്ങൾ**

- ഉപഭോഗവും ഉപഭോഗ ധർമ്മവും
- നിക്ഷേപവും നിക്ഷേപ ധർമ്മവും
- മൊത്തം ചോദനവും അതിന്റെ ഘടകങ്ങളും
- സഫല ചോദനം
- സന്തുലിത വരുമാന നിർണ്ണയം
- നിക്ഷേപ ഗുണകം
- സമ്പാദ്യത്തിന്റെ വിരോധാഭാസം

**പ്രവർത്തനം 1**

ശരാശരി ഉപഭോഗ പ്രവണതയും (APC) ശരാശരി സമ്പാദ്യ പ്രവണതയും (APS) തമ്മിലുള്ള ബന്ധം താഴെ തന്നിരിക്കുന്നു. അതിനെ അടിസ്ഥാനമാക്കി വിട്ടഭാഗം പൂരിപ്പിക്കുക (APC + APS=1)

(a) 1 - APC = ____________

(b) 1 - __________ = APC

**പ്രവർത്തനം 2**

തന്നിരിക്കുന്ന ആശയങ്ങളും സൂത്രവാക്യവും ഉചിതമായി ചേർത്ത് വിട്ടഭാഗം പൂരിപ്പിക്കുക.

| | | |
|---|---|---|
| a | APC | .................................. |
| b | .................................. | S/Y |
| c | .................................. | $\Delta S / \Delta Y$ |
| d | MPC | .................................. |

**പ്രവർത്തനം - 3**

MPC + MPS=1 ആണ്. ഇതിനെ അടിസ്ഥാനമാക്കി താഴെ തന്നിരിക്കുന്ന പട്ടിക പൂരിപ്പിക്കുക.

| | |
|---|---|
| **a MPC = 0.8** | **MPS = .........................** |
| **b MPC = 0.5`** | **MPS = .........................** |
| **c MPC = .............** | **MPS = 0.2** |
| **d MPC = .............** | **MPS = 0.7** |

**പ്രവർത്തനം -4**

താഴെ തന്നിരിക്കുന്ന സൂചനകൾക്കനുസരിച്ച് തന്നിരിക്കുന്ന ഡയഗ്രത്തിൽ സ്വയം പ്രേരിത നിക്ഷേപ രേഖ വരയ്ക്കുക.

സൂചന
(1) ഇത് തിരശ്ചീനമാണ്.
(2) വരുമാനം എത്ര വർദ്ധിച്ചാലും നിക്ഷേപത്തിന് മാറ്റമുണ്ടാവില്ല.
(3) നിലവിലെ വരുമാനം പൂജ്യമാണെങ്കിലും നിക്ഷേപം ഉണ്ടാവും.

**പ്രവർത്തനം - 5**

താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ശരിയാണെങ്കിൽ ശരിയെന്നും (✓) തെറ്റാണെങ്കിൽ തെറ്റെന്നും (✗) കാണിക്കുക.

| | |
|---|---|
| a. മൊത്തം ചോദനത്തിന്റെ ഘടകങ്ങളാണ് നിക്ഷേപവും ഉപഭോഗവും | |
| b. ഒരു സമ്പദ് വ്യവസ്ഥയിൽ ഉല്പാദിപ്പിക്കുന്ന മൊത്തം സാധന സേവനങ്ങൾ ദേശീയ വരുമാനത്തിന് തുല്യമല്ല | |
| c. മൊത്തം പ്രദാന പൂർണഇലാസ്റ്റികമായിരിക്കെ മൊത്തം ഉല്പന്നം പൂർണമായും മൊത്തം ചോദനത്തെ അടിസ്ഥാനമാക്കി നിർണയിക്കപ്പെടുന്നതിനെ സഫല ചോദനതത്വം എന്നറിയപ്പെടുന്നു. | |
| d. MPC വർദ്ധിക്കുമ്പോൾ ഗുണകമൂല്യം വർദ്ദിക്കുന്നു. | |
| e. MPC വർദ്ധിക്കുമ്പോൾ ഗുണകമൂല്യം കുറയുന്നു. | |


**പ്രവർത്തനം 6**

AD =C+ I എന്ന മൊത്ത ചോദന സമവാക്യത്തെ സൂചിപ്പിക്കുന്ന ദ്വിമേഖലാ സമ്പദ് വ്യവസ്ഥ യിലെ രണ്ട് മേഖലകൾ ഏതെന്ന് (✓) ചെയ്യുക.

1. ഗാർഹിക മേഖലയും ഉല്പാദനമേഖലയും ☐
2. ഗവൺമെന്റും വിദേശ മേഖലയും ☐
3. ഗാർഹിക മേഖലയും ഗവൺമെന്റും ☐
4. ഉല്പാദനമേഖലയും വിദേശ മേഖലയും ☐

**പ്രവർത്തനം 7**

ചുവടെ നൽകിയ ഗ്രാഫിൽ സമ്പദ് വ്യവസ്ഥയുടെ സന്തുലിതാവസ്ഥ കാണിച്ചിരിക്കുന്നു




A. ഡയഗ്രത്തിൽ സന്തുലിതാവസ്ഥയെ സുചിപ്പിക്കുന്ന ബിന്ദു ☐


B. സന്തുലിതാവസ്ഥയിൽ എത്തിച്ചേരാനുള്ള വ്യവസ്ഥ ☐

C. മൊത്ത ചോദനത്തിലെ ഘടകങ്ങൾ രേഖപ്പെടുത്തുക

- 
- 

**പ്രവർത്തനം 8**

മൊത്ത ചോദനത്തിലുണ്ടായ വർദ്ധനവിന്റെ ഫലമായി സന്തുലിതാവസ്ഥയിൽ ഉണ്ടായ മാറ്റം ചുവടെ ഗ്രാഫിൽ നൽകിയിരിക്കുന്നു.




A) മൊത്ത ചോദനത്തിൽ ഉണ്ടായ വർദ്ധനവ് കാണിക്കുന്ന രേഖ.

B) മൊത്തചോദനത്തിന്റെ വർദ്ധനവിന്റെ ഫലമായി സമ്പദ് വ്യവസ്ഥ എത്തിച്ചേർന്ന സന്തുലിതാവസ്ഥ

C) $\Delta Y > \Delta A$ ആവാനുള്ള കാരണമെന്ത്?

D) മൊത്ത ചോദനം വർദ്ധിക്കാനുള്ള ഏതെങ്കിലും രണ്ട് കാരണങ്ങൾ ലിസ്റ്റ് ചെയ്യുക.

- 
- 

**പ്രവർത്തനം 9**

ചുവടെ തന്നിരിക്കുന്ന ആശയങ്ങൾക്ക് സമാനമായ സാമ്പത്തിക പദങ്ങൾ കണ്ടെത്തി എഴുതുക.

| | |
|---|---|
| A) സ്വയം പ്രേരിത ചെലവിലുണ്ടാകുന്ന മാറ്റത്തിന്റെ ഭാഗമായി ഉല്പന്നത്തിലുണ്ടാകുന്ന മാറ്റത്തിന്റെ അനുപാതമാണ് | |
| B) വരുമാനത്തിലെ മാറ്റവും അതുമൂലം ഉപഭോഗത്തിലുണ്ടാകുന്ന മാറ്റവും തമ്മിലുള്ള അനുപാതമാണ്. | |
| C) മൊത്തം ഉപഭോഗവും മൊത്തം വരുമാനവും തമ്മിലുള്ള അനുപാതമാണ്. | |
| D) സമ്പാദ്യത്തിന്റെയും വരുമാനത്തിന്റെയും മാറ്റത്തിന്റെ അനുപാത - മാണ്. | |
| E) എല്ലാ ജനങ്ങളും അവരുടെ സമ്പാദ്യാനുപാതം വർദ്ധിപ്പിച്ചാൽ സമ്പദ്‌വ്യവസ്ഥയുടെ മൊത്തം സമ്പാദ്യം വർദ്ധിക്കില്ല, മറിച്ച് അത് കുറയുകയോ സ്ഥിരമായിരിക്കുകയോ ചെയ്യും. | |

**പ്രവർത്തനം 10**

ഒരു ക്ലാസിലെ ആറ് വിദ്യാർത്ഥികൾക്ക് 1000 രൂപ വീതം അധിക വരുമാനം ലഭിച്ചപ്പോൾ അവർ ചെലവാക്കിയ തുക നൽകിയിരിക്കുന്നു. ഓരോരുത്തരുടെയും MPC കണക്കാക്കുന്ന പട്ടിക പൂരിപ്പിക്കുക.

| | ഉപഭോഗം | ഉപഭോഗ മാറ്റം ÷ വരുമാന മാറ്റം | MPC |
|---|---|---|---|
| A | 300 | $\Delta C / \Delta Y = 300 \div 1000 =$ | 0.3 |
| B | 400 | .......................................... = | ........ |
| C | 500 | .......................................... = | ........ |
| D | 600 | .......................................... = | ........ |
| E | 700 | .......................................... = | ........ |
| F | 800 | .......................................... = | ........ |

**പ്രവർത്തനം 11**

ഒരു സമ്പദ്‌വ്യവസ്ഥയുടെ ഉപഭോഗ ധർമം $C = 200 + .8Y$ ഉം നിക്ഷേപചോദനം (I) 400 ഉം ആണെങ്കിൽ സന്തുലിത വരുമാനം നിർണയിക്കുന്ന ചാർട്ട് പൂരിപ്പിക്കുക.

$$Y = \bar{C} + \bar{I} + CY$$

$$Y = 200 + ........ + 0.8Y$$

$$Y = ......... + 0.8Y$$

$$Y - 0.8Y = \bar{C} + \bar{I}$$

$$0.2Y = ..........$$

$$Y = \frac{600}{0.2}$$

= .....................

**പ്രവർത്തനം 12**

എ) ചുവടെ നൽകിയിരിക്കുന്ന വ്യത്യസ്ത MPC ക്ക് അനുസരിച്ച് ഉണ്ടാകുന്ന ഗുണകവും (Multiplier) സമ്പദ്‌വ്യവസ്ഥയിൽ 100 കോടി രൂപയുടെ അധിക നിക്ഷേപം വരുമ്പോൾ ഉണ്ടാകുന്ന വർദ്ധിക്കുന്ന ദേശീയ വരുമാനവും പട്ടികയിൽ രേഖപ്പെടുത്തുക.

| MPC | Multiplie ഗുണകത്തിന്റെ മൂല്യം | വർദ്ധിച്ച ദേശീയ വരുമാനം |
|---|---|---|
| 0.2 | $K = \frac{1}{1-MPC} = \frac{1}{0.8} = 1.25$ | $\Delta Y = K \times \Delta I$, $1.25 \times 100 = 125$ |
| 0.4 | ........................................................ | ........................................................ |
| 0.6 | ........................................................ | ........................................................ |
| 0.7 | ........................................................ | ........................................................ |
| 0.8 | ........................................................ | ........................................................ |
| 0.9 | ........................................................ | ........................................................ |

ബി) മുകളിൽ പൂരിപ്പിച്ച പട്ടിക വിശകലനം ചെയ്ത് താഴെ നൽകിയിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക.

| പ്രസ്താവന | ശരി/തെറ്റ് |
|---|---|
| a) MPC യുടെ മൂല്യം വർദ്ധിക്കുമ്പോൾ ഗുണ കമൂല്യവും ദേശീയ വരുമാന വർദ്ധനവും വർദ്ധിക്കുന്നു | |
| b) MPC യുടെ മൂല്യം കുറയുമ്പോൾ ഗുണ കമൂല്യവും ദേശീയ വരുമാന വർദ്ധനവും കുറയുന്നു | |
| c) MPS വർദ്ധിക്കുമ്പോൾ ഗുണകമൂല്യവും ദേശീയ വരുമാന വർദ്ധനവും കുറയുന്നു. | |
| d) MPC യുടെ മൂല്യം പൂജ്യത്തിനും ഒന്നിനും ഇടയിൽ ആയിരിക്കും. | |

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. മൊത്ത ചോദന ഘടകങ്ങൾ ഏതെല്ലാം?
   A. വരുമാനം
   B. ഉപഭോഗം
   C. a യും b യും
   D. ഇതൊന്നുമല്ല

2. $C = \bar{c} + cY$ എന്ന ഉപഭോഗ ധർമ്മത്തിൽ MPC യെ സൂചിപ്പിക്കുന്നത് ഏത്
   a) C b) c
   c) Y d) ഇതൊന്നുമല്ല

3. കോളം A യും B യും തമ്മിൽ പൊരുത്തപ്പെടുത്തുക

4. ഒരു ലളിത സമ്പദ് വ്യവസ്ഥയിൽ സന്തുലിത വരുമാനം നിർണ്ണയിക്കുന്നത് ചിത്രസഹായത്താൽ വിശദമാക്കുക.


**ഉത്തരസൂചിക**

**പ്രവർത്തനം 1**
(a) APS
(b) APS

**പ്രവർത്തനം 2**
(a) C/Y
(b) APS
(c) MPS
(d) $\Delta C / \Delta Y$

**പ്രവർത്തനം 3**
(a) 0.2
(b) 0.5
(c) 0.8
(d) 0.3

**പ്രവർത്തനം 4**



**പ്രവർത്തനം 5**

a, c, d, e : ശരി
b : തെറ്റ്

**പ്രവർത്തനം 6**

1. ഗാർഹിക മേഖലയും ഉല്പാദന മേഖലയും

**പ്രവർത്തനം 7**

(a) E
(b) AD=AS
(c) ഉപഭോഗം (C)
നിക്ഷേപം (I)

**പ്രവർത്തനം 8**

(a) AD 2
(b) E 2
(c) ഗുണകം
(d) സ്വയം പ്രേരിത നിക്ഷേപത്തിലെ വർദ്ധനവ്
സ്വയം പ്രേരിത ഉപഭോഗത്തിലെ വർദ്ധനവ്

**പ്രവർത്തനം 9**

(a) നിക്ഷേപ ഗുണകം
(b) MPC
(c) APC
(d) MPS
(e) സമ്പാദ്യത്തിന്റെ വിരോധാഭാസം

**പ്രവർത്തനം 10**

| | |
|---|---|
| A | 300 ÷ 1000 = 0.3 |
| B | 400 ÷ 1000 = 0.4 |
| C | 500 ÷ 1000 = 0.5 |
| D | 600 ÷ 1000 = 0.6 |
| E | 700 ÷ 1000 = 0.7 |
| F | 800 ÷ 1000 = 0.8 |

**പ്രവർത്തനം 11**

400, 600, 600, 3000

പ്രവർത്തനം 12

| MPC | Multiplier | വർദ്ധിച്ച ദേശീയ വരുമാനം |
|---|---|---|
| 0.2 | $K = \frac{1}{1-MPC} = \frac{1}{0.8} = 1.25$ | $\Delta Y = K \times \Delta I, 1.25 \times 100 = 125$ |
| 0.4 | $= \frac{1}{0.6} = 1.66$ | 1.66 x 100 = 166 |
| 0.6. | $= \frac{1}{0.4} = 2.5$ | 2.5 x 100 = 250 |
| 0.7 | $= \frac{1}{0.3} = 3.33$ | 3.33 x 100 = 333 |
| 0.8 | $= \frac{1}{0.2} = 5$ | 5 x 100 = 500 |
| 0.9 | $= \frac{1}{0.1} = 10$ | 10 x 100 = 1000 |

ബി) എ, ബി, സി, ഡി - ശരിയാണ്

# അധ്യായം 11
# ഗവൺമെന്റ് ബജറ്റും സമ്പദ് വ്യവസ്ഥയും

ഗവൺമെന്റിന്റെ വാർഷിക വരവ് ചെലവ് കണക്കാണ് ബജറ്റ്. ഗവൺമെന്റ് ബജറ്റിന് വിവിധ ധർമ്മ ങ്ങളും ഘടകങ്ങളുമുണ്ട്. പൊതു വസ്തുക്കൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ഗവൺമെന്റ് ബജറ്റിന്റെ ഒരു ലക്ഷ്യമാണ്. ഗവൺമെന്റ് ബജറ്റിന്റെ ഘടകങ്ങൾ, വിവിധ ധർമ്മങ്ങൾ, ഗവൺമെന്റ് വരവ് ചെലവു കളുടെ വർഗീകരണം, വിവിധ തരം ബജറ്റുകൾ എന്നിവ ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.


ആധുനിക കാലത്ത് എല്ലാ ഗവൺമെന്റുകളും തയ്യാറാക്കുന്നത് കമ്മി ബജറ്റുകളാണ്. ബജറ്റ് കമ്മി യുടെ വിവിധ അളവുകൾ, ഗവൺമെന്റിന്റെ ധനനയം, പൊതുകടം എന്നിവയെ കുറിച്ചും ഈ അധ്യായ ത്തിൽ ചർച്ച ചെയ്യുന്നു.

പ്രധാന ആശയങ്ങൾ

- ബജറ്റ്
- ബജറ്റിന്റെ ധർമ്മങ്ങൾ
- ബജറ്റിന്റെ ഘടകങ്ങൾ
- ബജറ്റ്കമ്മിയുടെ വിവിധ അളവുകൾ

**പ്രവർത്തനം 1**

ബജറ്റിന്റെ ധർമ്മങ്ങൾ കാണിക്കുന്ന ചാർട്ട് പൂരിപ്പിക്കുക.




പ്രവർത്തനം 2

ചുവടെ നൽകിയിരിക്കുന്ന സവിശേഷതകൾ ഏത് വസ്തുക്കളെയാണ് സൂചിപ്പിക്കുന്നത്.

( A) ഉപഭോക്താക്കൾ തമ്മിലുള്ള ബന്ധം മത്സരാധിഷ്ഠിതമല്ല. ( Non rivalry)

( B) ഉപയോഗത്തിൽ നിന്ന് ആരേയും ഒഴിവാക്കില്ല. ( Non-exclusion)

സൂചന (പൊതു വസ്തുക്കൾ, സ്വകാര്യ വസ്തുക്കൾ)

**പ്രവർത്തനം 3**

സമ്പന്നർക്ക് ഉയർന്ന നികുതി ചുമത്തുന്നത് ബജറ്റിന്റെ ഏത് ധർമ്മത്തിൽ പെട്ടതാണ്.?

A. വിനിയോഗധർമ്മം ☐

B. പുനർ വിതണ ധർമ്മം ☐

C. ദൃഢീകരണധർമ്മം ☐

**പ്രവർത്തനം 4**

രാജ്യത്തെ വരുമാനം, തൊഴിൽ, വിലനിലവാരം തുടങ്ങിയവയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്ന പ്രവർത്തനങ്ങൾ ബജറ്റിന്റെ ഏത് ധർമ്മത്തിൽപ്പെടുന്നു.

a. വിനിയോഗധർമ്മം ☐

b. പുനർ വിതരണ ധർമ്മം ☐

c. ദൃഢീകരണ ധർമ്മം ☐

**പ്രവർത്തനം 5**

വരവുചെലവുകളുടെ അടിസ്ഥാനത്തിൽ ബജറ്റുകളെ സന്തുലിത ബജറ്റ്, മിച്ച ബജറ്റ്, കമ്മി ബജറ്റ് എന്നിങ്ങനെ തരം തിരിക്കാം.. ഉചിതമായ ചിഹ്നം ചേർത്ത് (< > =) ഇവയെ വേർതിരക്കുക.

a. സന്തുലിത ബജറ്റ് = വരുമാനം ................... ചെലവ്

b. മിച്ച ബജറ്റ് = വരുമാനം ................... ചെലവ്

c. കമ്മി ബജറ്റ് = വരുമാനം ................ ചെലവ്

**പ്രവർത്തനം 6**


താഴെപ്പറയുന്ന നികുതികളെ പ്രത്യക്ഷ നികുതികൾ, പരോക്ഷ നികുതികൾ എന്നിങ്ങനെ തരം തിരിക്കുക.

ആദായ നികുതി, എക്സൈസ് നികുതി ,കംസ്റ്റംസ് തീരുവ, സേവന നികുതി, കമ്പനി നികുതി, ജി.എസ്.റ്റി

| പ്രത്യക്ഷ നികുതികൾ | പരോക്ഷ നികുതികൾ |
|---|---|
| •<br>•<br>• | •<br>•<br>• |

**പ്രവർത്തനം 7**

ഗവൺമെന്റ് ബജറ്റിന്റെ ഘടകങ്ങളെ കാണിക്കുന്ന താഴെ കാണിച്ച ഫ്ളോച്ചാർട്ട് പൂർത്തിയാക്കുക.




**പ്രവർത്തനം 8**

ഗവൺമെന്റിന് ലഭിക്കുന്ന റവന്യൂ വരുമാനത്തിന് ഉദാഹരണങ്ങളാണ് താഴെ തന്നിരിക്കുന്നത്.അവയെ നികുതി വരുമാനം,നികുതിയിതര വരുമാനം എന്നിങ്ങനെ പട്ടികയാക്കി തിരിക്കുക.

വരുമാന നികുതി ,കമ്പനി നികുതി , ഫീസ്, പിഴ, ഗ്രാന്റുകൾ, പലിശ,, GST, ലാഭവിഹിതം.

| നികുതി വരുമാനം | നികുതിയിതര വരുമാനം |
|---|---|
| •<br>•<br>• | |

**പ്രവർത്തനം 9**

ഗവൺമെന്റിന്റെ വരുമാനത്തെ റവന്യൂ വരുമാനം മൂലധന വരുമാനം എന്നിങ്ങനെ രണ്ടായി തരം തരിക്കാം.
താഴെപ്പറയുന്ന പ്രസ്താവനകളിൽ അവയോടു യോജിച്ചത് ഏതെന്ന് കണ്ടുപിടിച്ച് എഴുതുക.

| | |
|---|---|
| a. ഗവൺമെന്റിന് ബാധ്യത സൃഷ്ടിക്കാത്തതും ആസ്തികൾ കുറവു വരാത്തതുമായ വരവുകൾ | |
| b. ഗവൺമെന്റിന് ബാധ്യത സൃഷ്ടിക്കുന്നതും ആസ്തികൾ കുറവു വരുത്തുന്നതുമായ വരവുകൾ | |

**പ്രവർത്തനം 10**

താഴെപറയുന്നതരം നികുതികൾക്ക് യോജിച്ചത് കണ്ടെത്തുക.
(എക്സൈസ് തീരുവ, കംസ്റ്റംസ് തീരുവ, വർദ്ധിത ആദായ നികുതി)

| | |
|---|---|
| a. വരുമാനത്തിന്റെ വർദ്ധനയോടൊപ്പം നികുതി നിരക്കും വർദ്ധിക്കുന്ന നികുതി | |
| b. രാജ്യത്തിനകത്ത് ഉൽപാദിപ്പിക്കുന്ന വസ്തുക്കളിൽ ചുമത്തുന്ന നികുതി | |
| c. ഇറക്കുമതി, കയറ്റുമതി വസ്തുക്കളിൽ ചുമത്തുന്ന നികുതി | |

പ്രവർത്തനം 11

ഗവൺമെന്റിന്റെ വിവിധ തരം വരുമാനങ്ങൾ താഴെ തന്നിരിക്കുന്നു. അവയെ റവന്യൂ വരുമാനം, മൂലധന വരുമാനം എന്നിങ്ങനെ പട്ടികയാക്കുക.

നികുതികൾ, ഫീസ്, പിഴ, വായ്പകളുടെ തിരിച്ചടവ്, പലിശ, ഓഹരി വിറ്റഴിക്കൽ, ഗ്രാന്റുകൾ, വായ്പകൾ, വായ്പകളിൽ നിന്നുള്ള പലിശ.

| റവന്യൂ വരുമാനം | മൂലധന വരുമാനം |
|---|---|
| • | • |
| • | • |
| • | • |

**പ്രവർത്തനം 12**

ഗവൺമെന്റിന്റെ വിവിധതരം ചെലവുകൾ തന്നിരിക്കുന്നു. അവയെ റവന്യൂ ചെലവ്, മൂലധന ചെലവ് എന്നിങ്ങനെ തരം തരിക്കുക.

(ശമ്പളം, പെൻഷൻ, വായ്പകൾ, ഓഹരി നിക്ഷേപം, ഗ്രാന്റുകൾ, സബ്സിഡി, അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ചെലവുകൾ, പ്രതിരോധ സേവന ചെലവുകൾ, സബ്സിഡി, വായ്പയുടെ പലിശയടവ്)

| റവന്യൂ ചെലവ് | മൂലധന ചെലവ് |
|---|---|
| • | • |
| • | • |
| • | • |

**പ്രവർത്തനം 13**

വിവിധ തരത്തിലുള്ള ബജറ്റു കമ്മികളാണ് റവന്യൂ കമ്മി, ധന കമ്മി, പ്രാഥമിക കമ്മി എന്നിവ. ഇവ ചുവടെ നൽകിയിരിക്കുന്ന പട്ടികയിൽ അനുയോജ്യമായവ കണ്ടെത്തി പൂരിപ്പിക്കുക.

| | |
|---|---|
| റവന്യൂ ചെലവ് > റവന്യൂ വരവ് | |
| മൊത്തം ചെലവ് - വായ്പ ഒഴികെയുള്ള മൊത്ത വരുമാനം | |
| മൊത്തം ധന കമ്മി – അറ്റപലിശ ബാധ്യതകൾ | |

**വിലയിരുത്തൽ ചോദ്യങ്ങൾ**

1 താഴെ തന്നിരിക്കുന്നതിൽ ബജറ്റിന്റെ ധർമ്മമേത് ?
(A) വിനിയോഗം (B) വിതരണം
(C) ദൃഢീകരണം (D) ഇവയെല്ലാം

2 ആസ്തികൾ ഉണ്ടാക്കുകയോ ബാധ്യതകൾ കുറക്കുകയോ ചെയ്യാത്ത ചെലവുകൾ
(A) റവന്യൂ ചെലവ് (B) മൂലധനചെലവ്
(C) ഇവ രണ്ടും (D) ഇതൊന്നുമല്ല.

3 തന്നിരിക്കുന്നവയിൽ പരോക്ഷ നികുതിയേത് ?
(A) എക്സൈസ് നികുതി (B) വിൽപന നികുതി
(C) കസ്റ്റംസ് നികുതി (D) ഇവയെല്ലാം

4. പണം നൽകാതെ ഒരു വസ്തുവിന്റെ സേവനം പ്രയോജനപ്പെടുന്നവരെ ........................................ പേര് വിളിക്കുന്നു.
(a) ഉപഭോക്താവ്, (b) ഉല്പാദകർ (c) ഫ്രീറൈഡേഴ്സ്

5. മൊത്തം ചെലവ് - (റവന്യൂ വരവുകൾ + കട ബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ) അറിയപ്പെടുന്നത് ..................................................എന്നാണ് .

**ഉത്തര സൂചിക**

**പ്രവർത്തനം 1**

( a) വിനിയോഗ ധർമ്മം
( b) വിതരണ ധർമ്മം
( c) ദൃഢീകരണ ധർമ്മം

**പ്രവർത്തനം 2**

പൊതു വസ്തുക്കൾ

**പ്രവർത്തനം 3**

( b) പുനർ വിതരണ ധർമ്മം

**പ്രവർത്തനം 4**

( c) ദ്രിഡീകരണ ധർമ്മം

**പ്രവർത്തനം 5**

( a) വരുമാനം = ചെലവ്
( b) വരുമാനം > ചെലവ്
( c) വരുമാനം < ചെലവ്

**പ്രവർത്തനം 6**

| പ്രത്യക്ഷ നികുതികൾ | പരോക്ഷനികുതികൾ |
|---|---|
| ♦ ആദായ നികുതി<br>♦ കമ്പനി നികുതി | ♦ എക്സൈസ് നികുതി<br>♦ കസ്റ്റംസ് നികുതി<br>♦ സേവന നികുതി, ജി.എസ്.റ്റി |

**പ്രവർത്തനം 7**

2) മൂലധന ബജറ്റ്
4) റവന്യൂ ചെലവ്
6) മൂലധന ചെലവ്
8) നികുതിയേതര വരുമാനം
9) പദ്ധതി റവന്യൂ ചെലവ്
12) പദ്ധതിയേതര മൂലധന ചെലവ്

**പ്രവർത്തനം 8**

| നികുതി വരുമാനം | നികുതിയിതര വരുമാനം |
|---|---|
| - വരുമാന നികുതി<br>- കമ്പനി നികുതി<br>- GST | - ഫീസ്<br>- പിഴ<br>- പലിശ<br>- ലാഭ വിഹിതം<br>- ഗ്രാന്റുകൾ |

**പ്രവർത്തനം 9**

(a) റവന്യൂ വരുമാനം
(b) മൂലധന വരുമാനം

**പ്രവർത്തനം 10**

( a) വർദ്ധിത ആദായ നികുതി
( b) എക്സൈസ് തീരുവ
( c) കംസ്റ്റംസ് തീരുവ

**പ്രവർത്തനം 11**

| റവന്യൂ വരുമാനം | മൂലധന വരുമാനം |
|---|---|
| - നികുതി<br>- ഫീസ്<br>- പിഴ<br>- പലിശ<br>- ഗ്രാന്റുകൾ<br>- വായ്പകളിൽ നിന്നുള്ള പലിശ | - വായ്പകളുടെ തിരിച്ചടവ്<br>- വായ്പ<br>- ഓഹരി വിൽപന |

**പ്രവർത്തനം 12**

| റവന്യൂ ചലവ് | മൂലധന ചെലവ് |
|---|---|
| ശമ്പളം<br>പെൻഷൻ<br>ഗ്രാന്റുകൾ<br>സബ്സിഡി<br>പ്രതിരോധ സേവന ചെലവുകൾ<br>വായ്പയുടെ പലിശ | വായ്പകൾ<br>ഓഹരി നിക്ഷേപം<br>അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ചെലവുകൾ |

**പ്രവർത്തനം 13**

( a) റവന്യൂ കമ്മി
( b) ധന കമ്മി
( c) പ്രാഥമിക കമ്മി

## അധ്യായം 12

# തുറന്ന സമ്പദ് വ്യവസ്ഥ സ്ഥൂലസാമ്പത്തികശാസ്ത്രം

മറ്റു സമ്പദ്‌വ്യവസ്ഥകളുമായി സാമ്പത്തിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന രാജ്യങ്ങളെ തുറന്ന സമ്പദ്‌വ്യവസ്ഥകൾ എന്നു പറയുന്നു. തുറന്ന സമ്പദ്‌വ്യവസ്ഥ മറ്റു സമ്പദ്‌വ്യവസ്ഥകളുമായി സാമ്പത്തിക ബന്ധത്തിൽ ഏർപ്പെടുന്നത് ഉൽപന്ന വിപണി, മൂലധനവിപണി തൊഴിൽ വിപണി എന്നീ മൂന്ന് മാർഗങ്ങളിലൂടെയാണ്.


അടവുശിഷ്ടം അതിന്റെ ഘടകങ്ങളായ കറന്റ് അക്കൗണ്ട്, മൂലധന അക്കൗണ്ട്, വിദേശ വിനിമയ നിരക്കുകൾ, വിനിമയ നിരക്കുമായി ബന്ധപ്പെട്ട അനുഭവങ്ങൾ എന്നിവ ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു.

**പ്രധാന ആശയങ്ങൾ**

- തുറന്ന സമ്പദ് ഘടന
- അടവു ശിഷ്ടവും വ്യാപാര ശിഷ്ടവും
- വിദേശ വിനിമയ കമ്പോളം
- വിദേശ വിനിമയ നിരക്ക്
- വിദേശ വിനിമയ നിരക്ക് നിർണ്ണയം


**പ്രവർത്തനം 1**

ഒരു രാജ്യം മറ്റ് രാജ്യങ്ങളുമായി സാമ്പത്തിക ബന്ധങ്ങൾ സൃഷ്ടിക്കുന്ന മാർഗങ്ങൾ ചേർത്ത് ഫ്ളോചാർട്ട് പൂർത്തിയാക്കുക.





**പ്രവർത്തനം 2**

ഒരു രാജ്യം മറ്റു രാജ്യങ്ങളുമായുള്ള എല്ലാ സാമ്പത്തിക ഇടപാടുകളുടേയും വാർഷിക കണക്കെടുപ്പാണ് അടവ് ശിഷ്ടം. അടവുശിഷ്ടത്തിന്റെ രണ്ട് അക്കൗണ്ടുകൾ ഏവ?



**പ്രവർത്തനം 3**

അടവ്ശിഷ്ട കറന്റ് അക്കൗണ്ടിന്റെ വിവിധ ഘടകങ്ങൾ ചേർത്ത് ഫ്ളോ ചാർട്ട് തയ്യാറാക്കുക.




**പ്രവർത്തനം 4**

ഒരു സമ്പദ്‌വ്യവസ്ഥ മറ്റു സമ്പദ്‌വ്യവസ്ഥകളുമായി ബന്ധങ്ങൾ സ്ഥാപിക്കുന്ന കമ്പോളങ്ങൾ ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്നും തിരിച്ചറിയുക.

A. രാജ്യങ്ങൾ പരസ്പരം ചരക്കുകളുടേയും സേവനങ്ങളുടേയും കച്ചവടത്തിൽ ഏർപ്പെടുന്ന കമ്പോളം.

B. കമ്പനികൾക്കും വ്യക്തികൾക്കും വിദേശ രാജ്യങ്ങളിൽ ധന ഉരുപ്പടികൾ വാങ്ങാവുന്ന കമ്പോളം.

C. എവിടെ ഉൽപാദിപ്പിക്കണമെന്ന് കമ്പനികളും എവിടെ തൊഴിൽ ചെയ്യാമെന്ന് തൊഴിലാളികളും തീരുമാനിക്കുന്ന കമ്പോളം

**പ്രവർത്തനം 5**

അടവുശിഷ്ടത്തിലെ (Balance of Payment ) കറന്റ് അക്കൗണ്ട് ഇനങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു. പട്ടിക നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ശരിയാണെങ്കിൽ (✓) ചിഹ്നവും തെറ്റാണെങ്കിൽ (✗) ചിഹ്നവും രേഖപ്പെടുത്തുക.

| ഇനങ്ങൾ | മില്യൺ USD |
|---|---|
| 1. കയറ്റുമതി (ചരക്കുകൾ) | 150 |
| 2. ഇറക്കുമതി (ചരക്കുകൾ) | 240 |
| 3. വ്യാപാരകമ്മി | -90 |
| 4. അറ്റ അദൃശ്യങ്ങൾ (സേവനങ്ങൾ) | 52 |
| a. ഘടക ഇതര സേവനങ്ങൾ | 30 |
| b. വരുമാനം | -10 |
| c കൈമാറ്റം | 32 |
| കറന്റ് അക്കൗണ്ട് ശിഷ്ടം | -38 |

| പ്രസ്താവനകൾ | ശരി/ തെറ്റ് |
|---|---|
| A . വ്യാപാര കമ്മി എന്നത് ചരക്കുകളുടെ കയറ്റുമതിയും ഇറക്കുമതിയും തമ്മിലുള്ള വ്യത്യാസമാണ്. | |
| B. കറന്റ് അക്കൗണ്ട് കമ്മി എന്നത് 38 മില്യൺ USD ഡോളർ ആണ് | |
| C. കറന്റ് അക്കൗണ്ട് കമ്മിക്ക് പ്രധാന കാരണം വർദ്ധിച്ച ഇറക്കുമതിയാണ്. | |

**പ്രവർത്തനം 6**

കറന്റ് അക്കൗണ്ടിലെ കയറ്റുമതി വരുമാനവും കയറ്റുമതി ചെലവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കറന്റ് അക്കൗണ്ട് മിച്ചം, കറന്റ് അക്കൗണ്ട് കമ്മി, കറന്റ് അക്കൗണ്ട് തുല്യം എന്നിങ്ങനെ തരം തിരിക്കാറുണ്ട്. ഇവ താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ചേർക്കുക.

| | | |
|---|---|---|
| a. | കറന്റ് അക്കൗണ്ട് കയറ്റുമതി വരുമാനം കയറ്റുമതി ചെലവിനേക്കാൾ കൂടിയാൽ | |
| b. | കറന്റ് അക്കൗണ്ട് കയറ്റുമതി വരുമാനവും കയറ്റുമതി ചെലവും തുല്യമായാൽ | |
| c. | കറന്റ് അക്കൗണ്ട് കയറ്റുമതി വരുമാനം കയറ്റുമതി ചെലവിനേക്കാൾ കുറഞ്ഞാൽ | |

**പ്രവർത്തത്തനം 7**

രാജ്യത്തിന്റെ മൂലധന അക്കൗണ്ടിന്റെ വിവിധ ഘടകങ്ങൾ ചേർത്ത് ഫ്ളോചാർട്ട് പൂർത്തിയാക്കുക.

മൂലധന അക്കൗണ്ട്

A. നിക്ഷേപം

B. ..........................

C. ..........................

**പ്രവർത്തനം 8**

അടവ് ശിഷ്ടവും വ്യാപാര ശിഷ്ടവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ താഴെ കൊടുക്കുന്നു. അതിൽ ശരിയായവക്ക് (✓) ചിഹ്നവും തെറ്റിന് (✗)ചിഹ്നവും ഇടുക.

| പ്രസ്താവന | ശരി/തെറ്റ് |
|---|---|
| a. അടവു ശിഷ്ടത്തിൽ ദൃശ്യവും അദൃശ്യവുമായ (Visible & Invisible) ഘടകങ്ങൾ ഉൾക്കൊള്ളുന്നു. | |
| b. വ്യാപാര ശിഷ്ടത്തിൽ ദൃശ്യമായ ഘടകങ്ങൾ (goods) മാത്രം ഉൾക്കൊള്ളുന്നു. | |
| c. അടവ് ശിഷ്ടത്തിൽ കറണ്ട് അക്കൗണ്ടും മൂലധന അക്കൗണ്ടും ഉണ്ട്. | |
| d. വ്യാപാര ശിഷ്ടത്തിൽ കറണ്ട് അക്കൗണ്ട് മാത്രമേ ഉള്ളൂ. | |

**പ്രവർത്തനം 9**

വിദേശ വിനിമയ കമ്പോളത്തിലെ പ്രധാന ഇടപാടുകാർ ആരെല്ലാം എന്ന് പറയുക.

വിദേശ വിനിമയ കമ്പോളത്തിലെ പ്രധാന ഇടപാടുകാർ

a) വാണിജ്യ ബാങ്കുകൾ

b) ......................................

c) ......................................

**പ്രവർതത്തനം 10**

വിവിധ തരം വിദേശ വിനിമയ നിരക്കുകളെ കാണിക്കുന്ന ഫ്ളോ ചാർട്ട് തയ്യാറാക്കുക.

വിദേശ വിനിമയ നിരക്കുകൾ

a. അസ്ഥിര വിനിമയ നിരക്ക്

b. ..........................

c. ..........................

**പ്രവർത്തനം 11**

താഴെ പറയുന്ന പ്രസ്താവനക്ക് അനുയോജ്യമായ വിനിമയ നിരക്കുകളുടെ പേരെഴുതുക.

| | |
|---|---|
| a. ഗവൺമെന്റ് നിശ്ചയിക്കുന്ന വിനിമയ നിരക്ക് | a) . . . . . . . . . . . . . . . |
| b. കമ്പോള ശക്തികളായ ചോദനവും പ്രദാനവും നിശ്ചയിക്കുന്ന വിനിമയ നിരക്ക് | b) . . . . . . . . . . . . . . . |
| c. വിനിമയ നിരക്കിന് ഒരു നിശ്ചിത പരിധി ഗവൺമെന്റ് നിശ്ചയിക്കുയും ഈ പരിധിക്കുള്ളിൽ വിനിമയ നിരക്ക് അയവുള്ളതുമായ വിനിമയ നിരക്ക് | c) . . . . . . . . . . . . . . . |
| d. സ്ഥിര വിനിമയ നിരക്കിന്റേയും അയവുള്ള വിനിമയ നിരക്കിന്റേയും മിശ്രിതമായിട്ടുള്ള വിനിമയ നിരക്ക് | d) . . . . . . . . . . . . . . . |

**പ്രവർത്തനം 12**

കറൻസിയുടെ അവമൂലനവും മൂല്യശോഷണവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഏതെന്ന് കണ്ടുപിടിച്ചെഴുതുക.

a. അയവുള്ള വിനിമയ നിരക്ക് സമ്പ്രദായത്തിൽ കമ്പോള ശക്തികളായ ചോദനത്തിന്റേയും പ്രദാനത്തിന്റെയും ഇടപെടൽ കാരണം കറൻസിയുടെ മൂല്യം കുറയുന്നു.

a [ ]

b. സ്ഥിര വിനിമയനിരക്ക് സമ്പ്രദായത്തിൽ ഗവൺമെന്റ് ഔദ്യോഗിക നടപടികളിലൂടെ കറൻസിയുടെ മൂല്യം കുറക്കുന്നു.

b [ ]

**പ്രവർത്തനം 13**

കറൻസിയുടെ മൂല്യ വരദ്ധനവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഏതെന്ന് എടുത്തെഴുതുക.

a. സ്ഥിര വിനിമയ നിരക്ക് സമ്പ്രദായത്തിൽ ഗവൺമെന്റ് ഔദ്യോഗിക നടപടികളിലൂടെ കറൻസിയുടെ മൂല്യം വർദ്ധിപ്പിക്കുന്നു.

a [ ]

B. അയവുള്ള വിനിമയ നിരക്ക് സമ്പ്രദായത്തിൽ കമ്പോള ശക്തികളായ ചോദനത്തിന്റേയും പ്രദാനത്തിന്റേയും ഇടപെടൽ കാരണം കറൻസിയുടെ മൂല്യം ഉയരുന്നു.

B [ ]


**പ്രവർത്തനം 14**

സ്ഥിരവിനിമയ നിരക്കിന്റെയും അസ്ഥിരവിനിമയ നിരക്കിന്റെയും ഗുണങ്ങളും ദോഷങ്ങളും താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.

| സ്ഥിര വിനിമയ നിരക്ക് | അസ്ഥിര വിനിമയ നിരക്ക് |
|---|---|
| നേട്ടങ്ങൾ<br><br>A . ഒരു നിശ്ചിത തലത്തിൽ വിനിമയ നിരക്ക് നില നിർത്താൻ കഴിയുന്നു. | നേട്ടങ്ങൾ<br><br>A .വിദേശ നാണയശേഖരം അധികം വേണ്ടതില്ല. |
| B ................................................................... | B .................................................................... |
| കോട്ടങ്ങൾ<br><br>A. ഊഹ കച്ചവടത്തിന് വഴിവെക്കും | കോട്ടങ്ങൾ<br><br>A . ഗവൺമെന്റിന്റെ ഇടപെടൽ കുറവാണ് |
| B. ................................................................... | B ................................................................... |

**പ്രവർത്തനം 15**

A. അയവുള്ള വിനിമയ നിരക്ക് നിർണ്ണയിക്കുന്നതെങ്ങനെയെന്ന് ഡയഗ്രത്തിൽ കാണിച്ചിരിക്കുന്നു.





a) വിനിമയ നിരക്ക് [ ]

♦ സ്വതന്ത്ര വിപണിയിൽ വിനിമയ നിരക്കിൽ മാറ്റം വരാനുള്ള സാഹചര്യങ്ങളുടെ ലിസ്റ്റ് പൂർത്തിയാക്കുക.

| | |
|---|---|
| | ♦ പലിശനിരക്കിൽ ഉണ്ടാവുന്ന മാറ്റം |
| b | ♦ |
| c | ♦ |

B. വിദേശ വിനിമയ വിപണിയിൽ വിനിമയ നിരക്ക് നിർണയിക്കപ്പെടുന്നത് ഡയഗ്രത്തിൽ കാണിച്ചിരിക്കുന്നു. സമ്പദ്‌വ്യവസ്ഥയിലെ ഇറക്കുമതി വർദ്ധിച്ചാൽ വിനിമയ നിരക്കിൽ ഉണ്ടാകുന്ന മാറ്റം ഗ്രാഫിൽ കാണിക്കുക.




**വിലയിരുത്തൽ ചോദ്യങ്ങൾ**

1. ദൃശ്യവും അദൃശ്യവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്നത്.
   a) അടവ് ശിഷ്ടത്തിൽ b) വ്യാപാര ശിഷ്ടത്തിൽ
   c) a യിലും b യിലും d) ഇതൊന്നുമല്ല

2. തുറന്ന സമ്പദ് വ്യവസ്ഥകൾ മറ്റു രാജ്യങ്ങളുമായി ബന്ധങ്ങൾ സൃഷ്ടിക്കുന്നത്
   a ഉല്പന്ന വിപണിയിലൂടെ b ധനകാര്യ വിപണിയിലൂടെ
   c തൊഴിൽ വിപണിയിലൂടെ d ഇതിലൂടെയെല്ലാം

3. അയവുള്ള വിനിമയ നിരക്ക് നിശ്ചയിക്കുന്നത്
   a ചോദനം b പ്രദാനം
   c ഇവ രണ്ടും d ഇതൊന്നുമല്ല.

4. കറൻസിയുടെ മൂല്യവർദ്ധനവും മൂല്യ ശോഷണവും നടക്കുന്നത്
   a. അയവുള്ള വിനിമയ നിരക്കിൽ b. സ്ഥിര വിനിമയ നിരക്കിൽ
   c. രണ്ടിലും d. ഇതൊന്നുമല്ല.

5. പ്ലവന പരിപാലന നിരക്കിന്റെ മറ്റൊരു പേരാണ് ........................

**ഉത്തര സൂചിക**

**പ്രവർത്തനം 1**
b ധനകാര്യ കമ്പോളം
c തൊഴിൽ കമ്പോളം

**പ്രവർത്തനം 2**
a കറന്റ് അക്കൗണ്ട്
b മൂലധന അക്കൗണ്ട്

**പ്രവർത്തനം 3**
b സേവനങ്ങളുടെ വ്യാപാരം
c കൈമാറ്റ അടവുകൾ

**പ്രവർത്തനം 4**

a ഉല്പന്ന കമ്പോളം
b ധനകാര്യ കമ്പോളം
c തൊഴിൽ കമ്പോളം

**പ്രവർത്തനം 5**

a ശരി
b ശരി
c ശരി

**പ്രവർത്തനം 6**

a കറന്റ് അക്കൗണ്ട് മിച്ചം
b കറന്റ് അക്കൗണ്ട് തുല്യം
c കറന്റ് അക്കൗണ്ട് കമ്മി

**പ്രവർത്തനം 7**

b വിദേശത്തുനിന്നുള്ള കടമെടുക്കൽ
c വിദേശത്തുനിന്നുള്ള മൂലധനസഹായം

**പ്രവർത്തനം 8**

a ശരി
b ശരി
c ശരി
d ശരി

**പ്രവർത്തനം 9**

b വിദേശ വിനിമയ ബ്രോക്കർമാർ /ധനകാര്യഡീലർമാർ
c പണ അധികാരികൾ

**പ്രവർത്തനം 10**

b സ്ഥിര വിനിമയ നിരക്ക്
c പ്ലവന വിനിമയ നിരക്ക്

**പ്രവർത്തനം 11**

a സ്ഥിര വിനിമയ നിരക്ക്
b അസ്ഥിര വിനിമയ നിരക്ക്
c പ്ലവന വിനിമയ നിരക്ക്
d പ്ലവന വിനിമയ നിരക്ക്

**പ്രവർത്തനം 12**

a മൂല്യശോഷണം(Depreciation )
b അവമൂലനം (Devaluation)

**പ്രവർത്തനം 13**

a മൂല്യ വർദ്ധനവ് (Revaluation)
b മൂല്യ വർദ്ധന (Appreciation )

**പ്രവർത്തനം 14**

| സ്ഥിര വിനിമയ നിരക്ക് | അസ്ഥിര വിനിമയ നിരക്ക് |
|---|---|
| **നേട്ടങ്ങൾ**<br>B . ഗവൺമെന്റിന് വിദേശ വിനിമയ മാർക്കറ്റിൽ ഇടപെടാൻ കഴിയുന്നു.<br><br>**കോട്ടങ്ങൾ**<br>B. അവമൂലനത്തിന് കാരണമാകും. | **നേട്ടങ്ങൾ**<br>B . സ്വമേധയാ അടവുശിഷ്ട വ്യത്യാസം പരിഹരിക്കാൻ കഴിയും.<br>**കോട്ടങ്ങൾ**<br>B. വിനിമയ നിരക്ക് ഇടക്കിടക്ക് മാറുന്നു. |

**പ്രവർത്തനം 15**

a) വിനിമയ നിരക്ക് oe, കറൻസിയുടെ അളവ് oq

b) ഊഹ കച്ചവടം

c) വരുമാനത്തിൽ ഉണ്ടാവുന്ന മാറ്റം

B)

